032:1M68:13
F6
SANTANAGOPAL[illegible]
MAHAN NAMBUDIRI

032:1M68:13
F6

032:1M68:13 F6
MAHAN NAMBUDRI(N.)
Santhanagopalam.

312

MUL
050812

RATHNAM PR
BINDERS
BADRIAN STR
MADRAS

INA·VIM·PROMOVET INSITAM

Madras University Library.

Call Number 032:1M68:13 F6

Accession Number 50812

Available for loan from

This book should be returned on or before
the date last marked bel[ow]

# സന്താനഗോപാലം

(ലഘുകാവ്യം)

...VERSITY LIBR...
23 MAR 19..
MA...

ഗ്രന്ഥകർത്താ:

നടുവത്ത് മഹൻനമ്പൂതിരി.

തൃശ്ശിവപേരൂർ

മംഗളോദയം പ്രസ്സ്.

1101

പകർപ്പവകാശം

ല 6 ണ.

50812
O32:1M68:13
F6

23 MAR. 19.9
MADRAS

# അവതാരിക.

നടുവത്തു നമ്പൂതിരിമാരുടെ കൃതികൾ കിട്ടിയേടത്തോളം സംഗ്രഹിക്കുന്നതു കവികളുടേയും കാവ്യകുശലന്മാരുടേയും കർത്തവ്യകർമ്മങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണെന്നുള്ളതിൽ പക്ഷാന്തരമുണ്ടാകുവാൻ മാർഗ്ഗമില്ല. സുപ്രസിദ്ധ കവിയും വന്ദ്യവയോധികനുമായിരുന്ന "സാക്ഷാലച്ഛൻനമ്പൂരി"യുടെ നവംനവങ്ങളായ കവനതല്ലജങ്ങൾ കണ്ടാനന്ദിക്കുവാൻ സാധിക്കാതെ വന്നതിൽ വ്യസനിക്കുകയേ നിവൃത്തിയുള്ളു. എന്നാൽ മഹൻനമ്പൂതിരിയുടെ കാൎയ്യം അങ്ങിനെയല്ല. ഇദ്ദേഹം ഒരു നല്ല കവിയായിത്തീർന്നിട്ടിപ്പോൾ ഉദ്ദേശം മൂന്നു പന്തീരാണ്ടായിക്കാണും. ആദ്യകാലങ്ങളിൽ അത്യുത്സാഹത്തോടെ പരിശ്രമിച്ചിരുന്ന ഒന്നാന്തരം കവികളിൽ ഒരാളാണു് നടുവത്തു മഹൻ നമ്പൂതിരി. ഇടക്കാലങ്ങളിൽ എന്തോ സംഗതിവശാൽ അല്പം ഉദാസീനനായി പോയെങ്കിലും കേരളത്തിന്റെയും കൈരളിയുടേയും ഭാഗ്യാതിരേകത്താൽ ഇദ്ദേഹം വീണ്ടും കവനനിർമ്മാണത്തിൽ കൌതുകം പ്രദശിപ്പിച്ചുതുടങ്ങി. അതിന്റെ ഫലമായി നല്ല പുസ്തകങ്ങൾ പലതും പുറത്തു വരികയും ചെയ്തു. ഇതിങ്ങിനെ തുടർന്നുകൊണ്ടിരുന്നാൽ (അങ്ങിനെ ഉണ്ടാകുമെന്നുതന്നെ ആശിക്കാം.) അധികം താമസിയാതെ "നടുവം ഗ്രന്ഥാവലി" എന്നു

ഗ്രന്ഥശാലയുടേയും സാരമായ ഒരു ഭാഗത്തെ അലങ്കരിക്കുവാൻ പര്യാപ്തമാകുമെന്നു തീച്ചയാണ്.

ഇദ്ദേഹത്തിന്റെ പുതിയ കൃതികളിലൊന്നായ "സന്താനഗോപാലം" കാവ്യമാണ് ഞാനിപ്പോൾ കാവ്യമമ്മജ്ഞന്മാരായ കേരളീയരുടെ മുമ്പാകെ സമൎപ്പിക്കുവാൻ വിചാരിക്കുന്നത്. പാട്ടായും പാനയായും പ്രബന്ധമായും നാനാരൂപത്തിൽ നടപ്പുള്ള ഒരു നല്ല കഥഘട്ടമാണ് സന്താനഗോപാലം. ഇതിലെ കഥാവസ്തു അറിഞ്ഞുകൂടാത്തവർ കേരളീയരിൽ അധികമുണ്ടാകയില്ല. നല്ല വസ്തുക്കൾ എപ്പോഴും നല്ലതുതന്നെ. നന്നാക്കിവെച്ചാൽ പിന്നെ പറയാനുമില്ല. അങ്ങിനെതന്നെയാണ് നടുവത്തു മഹൻനമ്പൂതിരിയുടെ "സന്താനഗോപാലം" കാവ്യവും. ശബ്ദശുദ്ധി അക്ലിഷ്ടത മുതലായ ഗുണങ്ങൾ നമ്പൂതിരിയുടെ കവിതയ്ക്കു സഹജങ്ങളാണ്. അത് ഈ കാവ്യത്തിലും ധാരാളം പ്രകാശിച്ചു കാണുന്നുണ്ട്. ചെറുകാവ്യങ്ങളിൽ അലങ്കാരവൈചിത്ര്യം മുതലായ കവികളുടെ കൌശലപ്പണികൾ തുടങ്ങിയാൽ കഥാരസം കുറഞ്ഞുപോകുവാൻ വഴിയുള്ളതിനാൽ ആ ഭാഗം അധികം വിസ്തരിക്കാതിരുന്നതും ഉചിതമായിട്ടുണ്ട്. എന്നാൽ സ്വഭാവോക്തി ഏതു ദിക്കിലും ഒരുപോലെ രസാവഹമാകയാൽ ഇതിലും അതാവശ്യമാണ്. പ്രസ്തുത കാവ്യത്തിലെ അഞ്ചാംസൎഗ്ഗം ബാലചാപല്യങ്ങളേയും അതു കണ്ടാനന്ദിക്കുന്ന മാതാപിതാക്കന്മാരുടേയും സ്വഭാവങ്ങളെ വളരെ ഭംഗിയായും ഹൃദയാവൎജ്ജകമായും വൎണ്ണിച്ചിട്ടുണ്ട്. ഇതിന്നെല്ലാം

പുറമെ കൃത്യാകൃത്യബോധമുണ്ടാക്കിത്തീൎക്കുക എന്ന കാവ്യോദ്ദേശവും ഇതുകൊണ്ടു സാധിച്ചിട്ടുണ്ടു്. നരകവൎണ്ണന മുതലായ ഘട്ടങ്ങളും ഈ വിഷയത്തിൽ മുഖ്യങ്ങളാണെന്നു പറയാം. ആകപ്പാടെ ഈ ഗ്രന്ഥത്തിന്റെ ആവിൎഭാവം വളരെ നന്നായിട്ടുണ്ടു് ഇദ്ദേഹത്തിന്റെ കൃതികൾ തുടരെത്തുടരെ ഇനിയും പ്രസിദ്ധപ്പെടുത്തിക്കാണുമാറാകട്ടെ എന്നാശംസിച്ചുകൊണ്ടു് ഈ കാവ്യം ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

എന്നു്,

ആലത്തൂർ അനുജൻനമ്പൂതിരിപ്പാടു്.

# സന്താനഗോപാലം.

(ഒന്നാംസർഗ്ഗം)

---

അർജ്ജുനപ്രകൃതി ഹംസവിദ്ധ്യയാൽ
ബ്രഹ്മനിർഭ്ഭുവനസന്തതി ക്ഷയം
ചേർത്തു; തീർത്തു; സകലം മിരട്ടമി-
കൃഷ്ണലീല വിജയിപ്പു നിത്യവും. 1

ദ്വാരകാപുരിയിലംബുജേക്ഷണൻ
നാരദാദിമുനിവൃന്ദ വന്ദിതൻ
ഭാരമേററപടിവന്നുചേർന്നു;ഭൂ
ഭാരമാററിയരുളീ പരാൽപരൻ. 2

ദേവദിവ്യ വിഭവങ്ങളായെഴും
ദേവദാരുനിരയും; സുധർമ്മയും;
കേവലം പരിലസിക്കുമപ്പുരം
ശ്രീവളർന്നു വിലസുന്നു വിശ്രുതം. 3

ദിവ്യനായ സുരശില്പി തീർത്തൊരാ
ഭവ്യരമ്യ സഭയിങ്കലേകദാ
സവ്യസാചിയറിയിച്ചൊരുങ്ങിവ
ന്നവ്യയൻറെ തിരുമുമ്പിലെത്തിനാൻ. 4

കണ്ടനേരമെഴുന്നേററു ചെന്നു; "നാം
കണ്ടതെന്നയിസഖെ! വരൂ!, വരൂ!
കൊണ്ടൽനേർനിറനിവണ്ണുമാതിയും
കൊണ്ടണച്ചു കുശലം തുടങ്ങിനാൻ. 5

"ഇത്രകാലമിവിടേക്കിറങ്ങിയി-
ല്ല; ത്രയല്ല വിവരത്തിനൊക്കയും
പത്രമെങ്കിലുമയച്ചതില്ല; ഞാൻ
മിത്രമെന്ന കഥയും മറന്നിതോ? 6

രാജ്യരക്ഷവിധിപോലെ ചെയ്തു സാ-
മ്രാജ്യപുഷ്ടിയുടയാം ത്രയത്ത്രുപോൻ;
പൂജ്യപാദന; മലൻ; യുധിഷ്ഠിരൻ;
പ്രാജ്യകീർത്തി; യവിടേക്കു സൌഖ്യമോ? 7

അച്ഛലററവിടെയമ്മ, "ദുഃഖവും
നല്ലതീശ്വര വിചാരമൊക്കയാൻ
കില്ലകന്ന നിലയാണിതെ" നുരാ-
ച്ചല്ലയൊ? സുഖമിരിപ്പതിപ്പൊഴും. 8

വന്നുകാണുന്ന മിടക്കിടക്കു; ഞാ-
നെന്നുമോക്കു; മിടയില്ലൊരിക്കലും;
വന്നുചേന്നൊരു ഭവാനുമൊത്തിനി-
ച്ചെന്നുചേവടി നമിച്ചുപോന്നിടാം. 9

ആറുമക്കളൊരുപോലെ പോയതോ-
ത്തോറുമത്തലിലെഴും പിതാക്കളെ.

വേറുകൂറു കരുതാതെ ഭീമനുൾ-
ക്കൂറുകൊണ്ടു നുനയിപ്പതില്ലയോ? 10

ഇന്നിനിസ്സഭ തുടങ്ങണം; കുറ-
ച്ചൊന്നിരിക്കൂ; വെടി! പിന്നെയായിടാം
നിന്നിടുന്നു; യദുവീരര; ഗ്രജൻ
വന്നിടുന്നു; ധൃതി കാണ്മതില്ലയോ"? 11

എന്നുരച്ചു ഹരി; സീരി തൽക്ഷണം
വന്നു; കാലിണ വണങ്ങിയേവരും
നിന്നു; ചൊല്പടിയിരുന്നു; പാർത്ഥനിൽ
ച്ചെന്നു കൺമുന മൃദുസ്മിതാഞ്ചിതം. 12

"വന്നു ചേർന്നു വിജയൻ രസം രസം
നന്നു നന്നു സുദിനം സുമംഗളം!
ഇന്നു കേൾക്ക വിജയാഗമോത്സവ-
ത്തിന്നു നാം സഭ നിറുത്തിവെക്കണം" 18

എന്നുരാമനരുളുമ്പോളേവരും
"നന്നു നന്നു ശരി" എന്നുരയ്ക്കവെ
വന്നുകേറിയൊരു വിപ്രനാർത്തനാ-
യന്നു ചത്ത ശിശുവൊത്തൊരുത്തമൻ. 14

കുട്ടിയെസ്സഭയിലിട്ടു; മാറിടം
പൊട്ടിടുംപടി യടിച്ചടിച്ചവൻ
പൊട്ടിയുച്ചമലറി; നിലത്തഹോ!
വെട്ടിയിട്ടതരുപോലെ വീണുതേ. 15

ഞെട്ടിയേററു മൃതനായൊരോമന-
ക്കുട്ടിയെത്തഴുകിയുമ്മവെച്ചവൻ
കേട്ടിരുന്നു; പുനരെം "ന്വാതാമനീ
ക്കുട്ടി"യെന്നരുളി വീണുപിന്നെയും 16

ഞെട്ടിയററകുസുമംകണക്കിലാ-
ക്കുട്ടി കഷ്ടമവിടെ പ്പതിച്ചതിൽ
ഞെട്ടിയാസ്സഭ; ഞെരുങ്ങിയച്യുതൻ
പൊട്ടിയോരു ചിരിയൊന്നൊതുക്കുവാൻ. 17

അന്നുമന്നുപടിയേററുകൃഷ്ണനെ
ച്ചെന്നുതാണുതൊഴുതേവ മോതിനാൽ
"പൊന്നുരുക്കിയുടൽ വാർത്തെടുത്തതാ-
മെന്നുതോന്നുമിവനെത്തരേണമേ. 18

എന്തദൃഷ്ടമിവനീ;ശ്വരൻ ഭവാൻ;
ഹന്ത കർമ്മഗതിമാററിവെപ്പവൻ;
സന്തതം തിരുവടിക്കു ദാസനീ-
യന്തണൻ; തിരുമനസ്സുവെക്കണേ. 19

അമ്പ! ഹന്ത! ജഗദീശ! കൃഷ്ണ! ഹേ!
നിമ്പദങ്ങൾ പണിയുന്നൊരീദ്വിജൻ
അമ്പരന്നു കെതികെട്ടു കഷ്ടമി!-
ങ്ങൊമ്പതുണ്ണികൾമരിച്ചുപോകയാൽ 20

എട്ടുകുട്ടികൾ കഴിഞ്ഞു; സങ്കട-
പ്പെട്ടുകൊണ്ടിവിടെ വന്നതൊക്കയും

വിട്ടിടാതെയറിയിച്ചു; മന്നനം
മട്ടി; നാട്ടിലൊരു നാഥനില്ലയോ? 21

കുട്ടികൾക്കു മരണംവരുന്നതോ
"രോട്ടിനുള്ള കുറവെ"ന്നു രാഘവൻ
കാട്ടിയോരു വഴിവിട്ടു നില്ക്കുമി-
നാട്ടിലെങ്ങിനെ പൊറുക്കുമീജ്ജനം. 22

ഇല്ലമുള്ളതു പൊളിച്ചു വിൽക്കണം
വല്ലപാടു മിവിടുന്നു പോകണം
നല്ലതി നില; ദുഷിച്ച നാട്ടിലാ
ക്കല്ലലില്ല? നെറികെട്ട മാധവ! 23

നീ പറഞ്ഞപടി യന്നുനൽകി സാ-
ന്ദീപനിക്കു മൃതനായ പുത്രനെ
താപമാററുകിവനും പദാശ്രിതൻ
ഭൂപ! കാണു കയിരററൊരുണ്ണിയെ. 24

കാമദായി; കരുണാലയൻ; പരൻ
ക്ഷേമദൻ; വിഭു; മുകുന്ദനീശ്വരൻ;
ശ്രീമണാളന;ഖിലാത്തിനാശനൻ;
രാമ! രാമ! കഠിനം പറഞ്ഞു ഞാൻ. 25

ഞാനിവണ്ണമറിയാതെ രുഗ്മിണീ-
ജാനിയെക്കഠിനവാക്കരസ്ത്രയാൽ
ഹാനിതട്ടിയിവനും; കുലത്തിനും;
ശ്രീനിവാസ! കൃപവേണമെപ്പോഴും. 26

മക്കളിങ്ങിനെ മരിച്ചുപോകയാ-
ലുൽക്കളത്തിലഴൽ മൂത്തുമൂത്തു ഞാൻ
തിക്കവിട്ടു ചിലതോതി; യെന്നെ നീ
ധിക്കരിക്കരുതു, കാത്തുകൊള്ളണെ. 27

ലോകനാഥ! തവ ദാസനായ ഞാൻ
ശോകസാഗര നിമഗ്നനോക്കണേ;
ചാകയില്ല; നിലയില്ല; നീന്തിയാ-
ലാകയില്ല; തിരുവുള്ളമാശ്രയം. 28

കാളിയൻകഥ കഴിച്ചു ഗോക്കളിൽ
കേളിയാടിയ കടാക്ഷവീക്ഷണം
കേളിവന്റെ മൃതനാം കിടാവിലും
കേളികേൾപ്പതിനു കേളിയാടണേ." 29

നീരിനോക്കി ഹരിയെ; ചിരിച്ചു കം-
സാരിയൊന്നു തലയാട്ടി; യാദവർ
ശൌരിതന്നെ ഗതി,യെന്നിരുന്നു; സം
സാരി വിപ്രനിലലിഞ്ഞു ഫല്ഗുനൻ. 30

"നെന്നിതെന്തുകഥ; യൊയ്മ്പതുണ്ണിയൊ
മന്നിൽ വാനവനു പോയതക്രമം
ഇന്നിവക്കൊരലിവില്ല കഷ്ടമാ-"
യെന്നുഴന്നു വിജയൻ വിയത്തുപോയ്. 31

ഇത്തരത്തിലറിയിച്ചു വിപ്രനാ
ച്ചത്തകുട്ടിയെ യെടുത്തുപിന്നെയും

തത്തളംഗമിടരോടു നോക്കിയ-
ന്നത്തൽ മൂത്തു നെടുവീൎപ്പോടോതിനാൻ. 32

"കോൾമയിൎക്കളിരിളക്കമീമുഖ-
ത്തോമനേ! പുത്തുമയുള്ള സുസ്മിതം
കാണ്മതിന്നു കൊതി; ഭാഗ്യമില്ല; ഞാൻ
സീമയറ്റ ദുരദൃഷ്ടദുൎഭഗൻ. 33

അച്ഛനാധിയകലട്ടെ കൺതുറ-
ന്നച്ഛമൊന്നു കാണുകെന്റെ പൈതലെ!
കച്ഛജീവദശയിങ്കലാശ നി-
ന്നൊച്ച കേൾക്കുകിലിനിക്കുദിച്ചിടും. 34

സാമവേദമുരുവിട്ടതിങ്കലെ
ത്തുമരന്ദമണിയേണ്ട ചുണ്ടുകൾ
ക്ഷാമമാൎന്നിഹ വരണ്ടുകാൺകയാ
ലാമയാഗ്നിയിലെരിഞ്ഞിടുന്നു ഞാൻ. 35

ആ മരിച്ച സുതരെട്ടുപേൎക്കെഴും
സോമസുന്ദരമുഖങ്ങളിങ്ങിനെ
രാമ! രാമ! മിഴികൊണ്ടു കണ്ട ഞാൻ
താമസിക്കരുതു ചാവണം ക്ഷണം. 36

ചൊല്ലുവാനൊരുവനില്ല; സഹ്യമ-
ല്ലെല്ലുകൂടിയുരുകുന്ന സങ്കടം!
ചൊല്ലുകെട്ട നൃവരന്റെ നാട്ടകം
പുല്ലുപോലെ നിരസിച്ചു പോകണം 37

വല്ലദിക്കിലുമൊഴിഞ്ഞു പാൎക്കണം
മല്ലവൈരി ചതിയൻ; ജനാൎദ്ദനൻ;
പല്ലവാധരികളെ പ്പുലൎത്തുവാൻ
നല്ലവൻ; വലിയ വാക്കരപ്പവൻ; 38

മായകൊണ്ടു മതിമാററി വല്ലദു-
ന്ന്യായമോതി യപരാൎജ്ജിതം ധനം
ന്യായമെന്ന നിലയിൽ പിടുങ്ങുമെ-
ന്തായ തച്ചികളശിച്ചൊടുക്കിടും. 39

ധൎമ്മമീ വികൃതി ചൊന്നതാണു; പെ
ററമ്മ വന്നു കഴൽക്കൂപ്പു മച്ഛനും
തിന്മകൾക്ക വിളഭൂമി; നിങ്കലോ
നന്മ ഹന്ത; വിട്ടവിസ്ഥിതന്നെ ഞാൻ. 40

വിശ്വമേറിയൊരു മക്കളും ഭവൽ
ഭാൎയ്യമാരു മിഹ സജ്ജനങ്ങളും
ആൎയ്യരായ മറയോരി ലീവിധം
ക്രൌൎയ്യ മമ്പട! മുകുന്ദ! ദുൎമ്മതെ!" 41

പിന്നെയും മതിമറന്നു കൃഷ്ണനെ
ത്തന്നെയെത്ര കഠിനം പറഞ്ഞുപോയ്
"എന്നെയിങ്ങിനെ വലച്ചിടൊല്ല, ഞാൻ
നിന്നെ വിട്ടു പിരിയില്ല മാധവ! 42

എട്ടു കുട്ടികൾ മരിച്ചു സങ്കട-
പ്പെട്ടുഴന്നു കലികൊണ്ടു തുള്ളി ഞാൻ

മട്ടമാറിയവിടേക്ക നിഷ്ടമാ-
യിട്ട ചൊന്നതഖിലം പൊറുക്കണെ. 43

സത്യമൂൎത്തി; സകലേഷ്ടദൻ; ഭവാൻ
നിത്യനാദ്യ; നഖിലാണ്ഡനായകൻ;
മൎത്ത്യനെന്നു കരുതി ദൂഷിച്ച ഞാൻ
കൃത്യബോധരഹിതൻ ബഹിഷ്കൃതൻ. 44

ഭൃത്യവത്സല! ഭവാന്റെ ഭൃത്യനും
ഭൃത്യഭൃത്യനു മവന്റെ ഭൃത്യനും
ഭൃത്യനെന്ന നിനവിന്നയോഗ്യനീ
മൎത്ത്യനേററ മപരാധി കേവലം.” 45

ഉള്ളിലുണ്ണിയുടെ കോമളാനനം
തള്ളിയേററിയ വികാര ശക്തിയാൽ
പുള്ളി വീണു; മകനെക്കുറിച്ചകം
പൊള്ളിയിങ്ങനെ പറഞ്ഞു പിന്നെയും. 46

“കുട്ട! നോക്കകെഴനേല്ക്കുകള്ളനെ
ക്കഷ്ടമിങ്ങിനെ വെടിഞ്ഞു പോകലാ
എട്ട സോദരർ വെടിഞ്ഞൊരെന്നെയി-
ങ്ങിട്ടപോകരുതു കൊണ്ടുപോകണം. 47

കൂലികെട്ട ചുമടൊയ്മ്പതേററി വൻ
മാലിയന്നു ഗതികെട്ടൊരമ്മയെ
താലിയും തനയനും നശിച്ച പെൺ
ചേലിലാക്കുക നിനക്കു യുക്തമോ? 48

അച്ഛനില്ല ഗതി; പൈതൃകോദകം
സ്വച്ഛനിർമ്മലതനോ! മുടിക്കൊലാ
ഇച്ഛവെക്കുകെഴുന്നേൽക്കുകോമന-
ക്കച്ഛമായ വഴി ഞാൻ പറഞ്ഞതാം.” 49

കട്ടുതിന്നു കളവോതിയാരെയും
തൊട്ടു തിന്നു കഴിയുന്ന കൃഷ്ണനെ
മുട്ടുകുത്തിയറിയിച്ചൊരല്ലൽ കേ-
ട്ടിട്ടു പുഞ്ചിരിയിടുന്നു കശ്മലൻ. 50

പാട്ടിൽ നിന്നു വടിവച്ചമർത്ത പെ-
ണ്ണാട്ടിമാരുടെ കളിക്കരങ്ങിനെ
നാട്ടിനുള്ള ശനിയെ; സ്തുതിക്കയോ?
കാട്ടിൽനിന്നു വിലപിക്കയോ? ഹന്നം. 51

മൌനിയായി മുചുകുന്ദമോക്ഷദ-
ന്താനിരുന്നതിലിടഞ്ഞു ഫൽഗുനൻ
“ഞാനിതാ സഭ വെടിഞ്ഞുപോകയാ”
ന്മാനിയിങ്ങനെ പറഞ്ഞിറങ്ങിനാൻ. 52

ഉള്ളലിഞ്ഞ വിജയന്റെ പോക്കിലും;
പിള്ള ചത്ത മറയോന്റെ വാക്കിലും;
ഉള്ളുകള്ളികളറിഞ്ഞ കൃഷ്ണനെ-
ന്നുള്ളുകൊണ്ടു ചിരിതന്നെ കേവലം. 53

ഭൂസുരൻ മതിതെളിഞ്ഞു പിന്നെയും
വാസുദേവനെ വിളിച്ചലച്ചുതേ

“വാസുദേവ! ദുരിതം കെടുക്കണെ
നീ സുമംഗള നിധാനമല്ലയോ? 54

എന്തുതന്നെ യവലാധി ചൊൽകിലും
പിന്തുണക്കു കൃപ ചെയ്യിടായ്കിൽ ഞാൻ
വെന്തുനീറു മഴലാന്ന കാന്തയോ-
ടെന്തു ചെന്നു പറയേണ്ടു മാധവ! 55

കൃഷ്ണ! കൃഷ്ണ! സകലം പൊറുക്കണെ
കൃഷ്ണ! കൃഷ്ണ! മകനേററു പോരണെ
കൃഷ്ണ! കൃഷ്ണ! പിതൃശാപമാററണെ
കൃഷ്ണ! കൃഷ്ണ! കൃപയെന്നിൽ വെക്കണെ. 56

കഷ്ടംകാർവ്വർണ്ണനെന്നിൽ കരുണ കണവുമി
    ല്ലെ;ന്റെ മുജ്ജന്മസിദ്ധാ-
ദൃഷ്ടന്നീങ്ങാത്തതാവാം; തലയിലെഴുതിയാൽ
    പിന്നെ നീക്കാൻ ഞെരുക്കം;
ദിഷ്ടക്കേടിന്റെ മൂലം തിരയുക വിഷമം;
    നല്ല കാലം വരുമ്പോ-
ളിഷ്ടം സാധിക്കു; മോർത്താൽ പ്രകൃതിയുടെ കളി
    പ്പന്തലാണീ പ്രപഞ്ചം; 57

“കർമ്മം പൂർവ്വാർജ്ജിതന്നോക്കനുഭവമിഹലോ-
    കത്തിലെ”ന്നാഗമത്തിൻ-
മർമ്മം കണ്ടോർകഥിക്കും പഴമൊഴി പതിരാ-
    കില്ല സന്ദേഹമില്ല

ഇമ്മട്ടെന്തൊക്കയോ ഞാൻ ചപലതപലതും
　　കാട്ടി; ദൈവേച്ഛ പോലീ
ജ്ജന്മം സാധിച്ചപോണം; ജനി; മൃതി; സുഖ; ദുഃ
　　ഖങ്ങൾമായാകൃതങ്ങൾ 58

ഏവം വിപ്രനുരച്ചു ഹന്ത! സഭയിൽ
　　ശ്രീകൃഷ്ണനെക്കൂപ്പി; യം_
പ്പാവം ചത്തകിടാവിനെച്ചുമലിലി
　　ട്ടേന്തിക്കരഞ്ഞങ്ങിനെ
ദേവന്മാരുടെ മുമ്പിൽ നിന്നുടനിറ
　　ങ്ങിപ്പോന്നു; “ദേവളിക്കെഴം
ജീവൻ താങ്ങണമെ”ന്നു വന്നവഴിയേ
　　പോയാനിളാവാനവൻ. 59

## രണ്ടാം സർഗ്ഗം.

“ഹേ വിപ്ര! നില്ക്കുക; കരച്ചലയാക്കു; കോപം
ഭാവിച്ചിടാക്കു; കളകാധികളാകമാനം
ഭാവപ്രിയം സുലഭ; മജ്ജൂനനാണു തൃക്കാൽ
സേവിപ്പതിന്നുമൃത ലന്തകനും വന്നേങ്ങും. 1

സേവിച്ചു തെല്ലൊട്ടുവിലാഹരനോടു മല്ലി-
ട്ടീവില്ലുകൊണ്ടഭിമതത്തെ യടഞ്ഞതാരോ?
ആ വിശ്വവീര വരനജ്ജൂനനെ കടന്നു
പോവില്ല കാലഗതിയും കരുതേണമുള്ളിൽ 2

അത്രത്യരന്തണ! ധനുൎദ്ധരരല്ല; രാജ-
മിത്രങ്ങളാം; രാപ്പകലണിഞ്ഞു ഞെളിഞ്ഞിടുന്നോർ;
ചിത്രങ്ങളെന്നു പറയാമിളകാസ്ത്രി; ലുണ്മാൻ
സത്രത്തിലാന്ന മറവോരിവർ; ഭൂപരല്ല. 3

ഉണ്ണാനിരുന്നു മലിവോടൊരുമിച്ചൊരെണ്ണ-
ത്തെണ്ണായിരം വലിയ വിപ്രരെയന്നനാൎയ്യൻ
വിണ്ണാറിനൊത്ത പുകഴാണ്ടവനാ മഹാന്റെ
കണ്ണായ ശിഷ്യനനുജൻ കൃതിയജ്ജുനൻ ഞാൻ. 4

ദുഷ്ടൻ ബകന്റെ കലി തീണ്ടിയൊരന്തണന്മാർ
കഷ്ടപ്പെടുന്ന സമയത്ത വനെത്തുലച്ചോൻ
ധൃഷ്ടൻ യുധിഷ്ഠിര സഹോദരനായ ഭീമ-
നിഷ്ടം കലന്നൊരനുജൻ ബലി യജ്ജുനൻ ഞാൻ 5

കള്ളൻ കടന്നു നിശി ഗോധനമാഹരിച്ചി
ട്ടുള്ളം കലങ്ങിയലറും ദ്വിജനെത്തുണച്ചോൻ
ഭള്ളററൊരാണ്ടിലധികം വ്രതമാചരിച്ച
കൊള്ളണ്ടിവന്ന വശിയജ്ജുനനോററു സത്യം. 6

പത്താമതുണ്ണിയവിടേക്കു പിറക്കമപ്പോ-
ളെത്താം കൃതാന്ത ഹത കാന്തക ശിഷ്യനീ ഞാൻ
സത്തായ സൽഗതി സദാ മനുജക്കു വേദ-
വിത്തായ വിപ്രവര പാദപരാഗലേശം." 7

ഈവണ്ണമുള്ള വിജയോക്തിയെ വിശ്വസിച്ചു;
ഭാവം തെളിഞ്ഞു; പരമെങ്കിലു മന്നു വിപ്രൻ

ആ വയ്മ്പനുള്ള ധൃതി കുത്തിയിളക്കി നോക്കാം-
നേവം പറഞ്ഞു മതികെട്ടവനെന്ന മട്ടിൽ. 8

“മല്ലാരി; വീരബലരാമ; നതിപ്രസിദ്ധ
വില്ലാളി കാർഷ്ണി; യിവർ ചെയ്തുതരാത്ത കാര്യം
ഇല്ലാ ഭവാനു വിഷമം; ശരി; ശങ്ക തീരു
ന്നില്ലാ; മനസ്സിളകിടുന്നവരന്തണന്മാർ. 9

“ത്രൈലോക്യനാഥരി വരിന്നിവരെ ക്കവിഞ്ഞോ-
രാലോചനയ്ക്കു”; മതി ഭൂസുര! ചൊന്നതെല്ലാം
“ഭൂലോകമൊററ നിമിഷത്തിനകത്തമർത്താ-
നാലോകനംമതി ധനഞ്ജയനോർമ്മവെയ്ക്കു. 10

മല്ലാരിയല്ല, ബലനല്ല, നിരുദ്ധനല്ല,
വില്ലാളി കാർഷ്ണി യിവരല്ലി; വനജ്ജൂനൻ താൻ
വില്ലാവനാഴിയിവ പാവകദത്ത; മെൻറം
മല്ലാലമൻറു ഹരനന്തകവൈരി പോലും. 11

ശോകത്തിനില്ല വഴി; സംശയമുള്ളിലുള്ള
താകക്കളഞ്ഞിടുക; കാലനെതൃക്കിലും ഞാൻ
പാകത്തിലാക്കമവനെ ബ്ഭയമില്ല; പത്താം
തോകം ഭവാനനുഭവത്തിനു തന്നിരിക്കാം;” 12

“എന്നല്ല കഷ്ടമിവനൊയ്മ്പതു ബാലകന്മാർ”—
എന്നല്ലലാൻ കരളെങ്ങിനെ തൊനടക്കം
നന്നല്ല തെല്ലഹിതമായറിവിച്ചതി;ഷ്ടം
തന്നല്ലലാററു മവിടുന്നതു സമ്മതിക്കാം. 13

MAR. 19?9 MADRAS

"എന്തിപ്പൊഴും കരളിളക്കമെഴുന്ന മട്ടിൽ
ചിന്തിച്ചുരപ്പതിനു കാരണമാരണേന്ദ്ര!
കുന്തിക്കു ധർമ്മജസഹോദരനായ്പിറന്നോ-
നെന്തിന്നസാദ്ധ്യ; മരുതേ വെറുതെ വികല്പം. 14

ചൊല്ലാം പറഞ്ഞപടി പുത്രനപായമൊന്നു
മില്ലാതെ കാത്തുതരുവാൻ കഴിയാത്ത പക്ഷം
പുല്ലാണിനിയ്ക്കു തനു തിയ്യിലെരിച്ചിടും ഞാൻ
വില്ലാണു; നിന്തിരുവടിത്തളിരാണു; സത്യം." 15

സത്യം വിടാത്തവകയാണിവനേററുരച്ച-
കൃത്യം നടത്തുമതിനില്ല വികല്പമല്പം
അത്യർത്ഥമീ നിലയിലോർത്തു; കിരീടിയോടാ-
യ്പ്രത്യക്ഷമിങ്ങനെ കടന്നു പറഞ്ഞു വിപ്രൻ. 16

"തീരാത്ത സങ്കടമൊഴിഞ്ഞു; ഭവാൻ പറഞ്ഞാൽ
പോരായ്കയില്ല; ശപഥം കരുതീല ലേശം
വീരാഗ്രഗണ്യ! തൊഴുതേൻ; ദ്വിജ ചാപലങ്ങൾ
തീരാത്തതെന്നകഥ ലോക ചരിത്രസിദ്ധം." 17

എന്നോതി; നിന്നു കുറെയൊന്നു ചിരിച്ചു; പിന്നെ
യൊന്നോടി; പാർത്ഥനുടെ ചുററു; മെടുത്തു ചാടി;
വന്നോരു മോദജലരാശിയിൽ വീണലച്ചു;
മുന്നോട്ടു പോയ്തി;രികെവന്നു കരം പിടിച്ചു; 18

പോകട്ടെയർജ്ജുന! വിശേഷമകായിലും ഞാൻ
പാകത്തിലൊക്കെ വിവരിച്ചു മനസ്സിലാക്കാം

ശോകം ശമിച്ചഹമിനി പ്രസവം സമീപി-
ച്ചാകട്ടെയോടിവരു; മന്നു മറന്നിടൊല്ലേ. 19

കേളിപ്പെട്ടം വിജയനോടിട വാങ്ങിയില്ല-
ത്താളിത്തഴച്ച കുതുകത്തൊടു ചെന്നുവിപ്രൻ
വേളിക്കകക്കുളിരിനീ വിവരങ്ങൾ തട്ടി
മൂളിച്ചു; പൂൎണ്ണസുഖമൊത്തൊരുമിച്ചുവാണാർ. 20

ഉണ്ടായിരുന്നൊരഴലൎജ്ജുനനെ സ്മരിച്ചു-
കൊണ്ടാററി; മായയുടെ ശക്തി; മറന്നു സൎവ്വം
രണ്ടാളിലും സുഖമുദിച്ചു; ജഗത്തിലെത്ര
കണ്ടാലു മാരുമറിയാ പ്രകൃതിപ്രഭാവം. 21

എട്ടൊയ്മ്പതുണ്ണികൾ കഴിഞ്ഞവരെപ്പിരട്ടും
മട്ടൊത്ത കാലഗതി നോക്കുകവൎക്കു സൌഖ്യം
ഒട്ടൊക്കെയുണ്ടപകടം, സുഖദുഃഖമുള്ളിൽ
തട്ടൊല്ല; സാരമിതുതന്നെ പഠിക്കണം നാം. 22

ആ വിപ്രവന്ദ്യ വരദമ്പതിമാർ സദാപി
ഭാവിപ്രിയം കരുതി വാണുവരുന്ന കാലം
ദേവിക്കു ഗൎഭമതു നാൾമുതൽ വിപ്രനേറെ
സ്സേവിച്ചു നിത്യനിയമങ്ങളിലുള്ളുറച്ചു. 23

ഓദിക്കനൊത്തുരുവിട്ടും മുനി ചൊന്നപോലെ-
ന്നാദിക്കു മുഖ്യവിധി പുംസവനം കഴിച്ചു
മോദിച്ചിരുന്നു "മുറമൂന്നുരു"വിനെ ജപിച്ചു
ഖേദിച്ചിടാസ്ഥിതിനവൾക്കു കൊടുത്തു വിപ്രൻ. 24

ക്ഷൌരംകുളിച്ച ദിവസംമുതൽ നൂത്തി വേദ-
സാരം പ്രജാഭ്യുദയമായ്വരവും പ്രകാരം;
വൈരംവെടിഞ്ഞു ഹൃദി; വിത്തചയം ജനോപ-
കാരത്തിനാക്കി; വളരെസ്സുകൃതങ്ങൾ ചെയ്തു. 25

പാലപ്പമെന്ന പല ഭോജ്യപദാൎത്ഥമന്നാ-
ശ്ശീലം തികഞ്ഞ സതി ഗൎഭിണിയാത്ത ലമ്മാൾ
ബാലക്കു തൃപ്തിയടയും പടി വാരി വാരി-
ക്കാലത്തുതൊട്ടവൾ കൊടുത്തിടുമന്തിയോളം. 26

പത്തും തികഞ്ഞു; വയറൊന്നുകിഴിഞ്ഞു; സാദ-
മൊത്തുള്ള പത്നിയുടെ മാതിരികണ്ടു വിപ്രൻ;
ഉത്തുംഗസംഭ്രമമിയന്നു; കിരീടിയോടാ-
പത്തുള്ള കാലമറിയിക്കണമെന്നുറച്ചാൻ. 27

"ആഗസ്സൊഴിച്ച വിജയൻ തരുമിന്നു സൎവ്വ-
ഭോഗങ്ങളും സുദൃഢ"മെന്നവനോടിയെത്തി
"ഹേ! ഗന്ധവാഹജ സഹോദര! പാഹി! പാഹി!
വേഗം വരൂ! പ്രസവകാലമടുത്തു"വെന്നാൻ. 28

"ഒന്നിഹ വെയ്ക്കുക; മറക്കരുതോൎമ്മവേണം;
വന്ദിച്ചിടുന്നു; കൃപവേണം; മനാഥനീ ഞാൻ"
ഒന്നിച്ചിറങ്ങു മളവൎജ്ജുനനോടു വിപ്രൻ
നന്ദിച്ചിവണ്ണ മവിടെപ്പലതും പറഞ്ഞു. 29

ഒന്നിച്ചുചെന്നു നിലയത്തിലണഞ്ഞു വിപ്രൻ;
വന്ദിച്ചുകൊണ്ടരുളി യൎജ്ജുനനോടു വീണ്ടും;

"കണ്ണിഷരവെക്കുക; മനസ്സിളകുന്നു; ധൈൎയ്യം
ഭിന്നിച്ചിടുന്നു; മകനേ! യമനെബ് ഭയം മേ." 30

മാനിച്ചു ധൂൎജ്ജടിയെ; വില്ലുകുലച്ചു; ദിവ്യം
ധ്യാനിച്ചു ശസ്ത്രനിര; പാൎത്ഥനൊരുങ്ങിനിന്നു
വാനില്ക്കൂടത്ത ശരക്കൂടമിണക്കി; വിപ്രൻ
താനിഷരവെച്ചു ചെകിടോൎത്തിറയത്തു നിന്നു. 31

"ഈള്ളക്കിടാവിളകി; കണ്ണിന്റെപറ്റി; നവ്യോ
പിള്ളയ്ക്കുതട്ടി; യൊരുമക്കി;നി ഝത്രയായി
വെള്ളം തളിപ്പതിനൊരുക്കുക;" യെന്നകായി-
ലുള്ളാ പരിഭ്രമവചസ്സുകൾ കേട്ടു വിപ്രൻ. 32

പിള്ളയ്ക്കു നല്ലതുവരട്ടെ; യരിഷ്ടമൊന്നും
തള്ളയ്ക്കു മൊത്തിടരുതെന്നു; നിനച്ചു പിന്നെ
ഉള്ളം പിടച്ചരുളി "യൎജ്ജുന! പാൎത്ഥ! പാൎത്ഥ!
കള്ളൻ ചതിയ്ക്കു മിരുകയ്യിലുമമ്പെടുക്കു." 33

അല്ലാ കിടാവു കരയുന്നു; പെരുത്തരിഷ്ട
മില്ലാതെ പെറ്റു സുഖ; മുണ്ണി; ജയിച്ചു പാൎത്ഥൻ
വല്ലാതയപ്പുറയി;ലാ ശ്ശിശുവിൻ കരച്ചി
ലില്ലാ; 'പിണാവ'ലറിവന്നു വിഴുന്നു മുമ്പിൽ. 34

"ചൊല്ലല്ലലെന്തു?! വരു പാൎത്ഥ! നമുക്കു ചെന്നി-
റ്റില്ലത്തിലൊന്നു തിരയാം ക്ഷണ"മെന്നു വിപ്രൻ
വല്ലന്തികൊണ്ടറയിലാന്നു; കിടാവിനെക്ക-
ണ്ടില്ലപ്പോ;ളാന്തി യിടറിത്തലതല്ലി വീണു. 35

നില്ലാത്ത ചിന്ത യതിരറ്റ വിഷാദ മീറ-
യെല്ലാം കലൎന്നു മതിമങ്ങിയ പാൎത്ഥനപ്പോൾ
വുല്ലാതെ നിന്നു; പറയാം പരമാൎക്ക മെന്തെ
ന്നില്ലാത്തഗൎവ്വ പക്ഷയത്തിനു മുഖ്യമൂലം. 36

എന്താണി തെന്തു കഥയാണു കിരാതമൂൎത്തി
ചെന്താമരാസ്ത്രരിപു തന്നശരം ശരാസം
ഹന്താത്ഭുതം വലിയൊരക്രമമോൎത്തിനിയ്ക്കു
വെന്താളിടുന്നു ഹൃദയം കലി കേറിടുന്നു. 37

തന്നേയ്ക്കു; വേണ്ട കളി യുണ്ണിയെ; ദുഷ്ടദോഷം
വന്നേയ്ക്കു; മോക്ഷക കൃതാന്ത! കിരീടയേ നീ
ഇന്നെന്തു കണ്ടുകളിയാക്കി; "യമന്റെ കാല"-
നെന്നൊ യിന്നുമുതലാളുകളോൎക്കുവാനോ. 38

കട്ടിത്തമുള്ളുടൽ വിറച്ചെരികോപവഹ്നി
പൊട്ടിത്തെറിച്ച നയനങ്ങളിളക്കിനോക്കി
"വട്ടിക്കണെക്ക" വിജയൻ ചെറുഞാൺ വലിച്ചു
വിട്ടിട്ടി ടിക്കൊത്തു കഠോരരവം മുഴക്കി. 39

തട്ടിപ്പിടഞ്ഞവിടെ നിന്നെഴുന്നേറ്റു വിപ്രൻ
പൊട്ടിക്കരഞ്ഞു തലതല്ലിയലച്ചു പിന്നെ
ഞെട്ടിത്തെറിച്ചു വിജയന്റെ മുഖത്തു കുത്തി-
പ്പൊട്ടിച്ചിരിച്ചു പലഗോഷ്ടികൾ നിന്നു കാട്ടി. 40

"പ്രദ്യുമ്ന;നുണ്ണി യനിരുദ്ധ;നതി പ്രസിദ്ധൻ
വിദ്യുൽപ്രഭൻ മുസലി; മംഗളമൂൎത്തി കൃഷ്ണൻ;

ഉദ്യുക്തരല്ലയ്; "ഇവൻ മതി"യെന്നു കഷ്ടം
ഹൃദ്യത്വഭവിച്ച ദുരദൃഷ്ട! ചതിച്ചു നമ്മെ. 41

മല്ലാരിയെ പ്പഴിപറഞ്ഞു ഞെളിഞ്ഞു മേനി-
ചൊല്ലാനൊരുങ്ങിയ നപുംസകമായ നിന്നെ
തല്ലാഞ്ഞതിൻെറ ഫലമാണിഹ കേട്ടുകേളി-
യില്ലാത്തമാതിരി പിണഞ്ഞൊരു പുത്രദുഃഖം. 42

വില്ലാരുതന്നു; ശരമെങ്ങിനെ കിട്ടി; നിൻെറ
മല്ലാഹരൻെറ തലയിൽ; ശിവ! രാമ! രാമ!
ചൊല്ലാനറച്ചു; മിനി നീമറയത്തു പോക;
നല്ലാളുകൾക്കരുത സജ്ജന സംഗലേശം. 43

പോകാൻവരട്ടെ യൊരുപട്ടട തീൎത്തു തിയ്യിൽ
ചാകാം; ഭവാൻ നെറിവെഴുന്നവനെങ്കിൽ വേഗം
ആറാത്ത പുത്രവിരഹാനലനെന്നെയിട്ടു
ചാകാതെ കൊൽവതിനു നിയ്യൊരുവൻ നിമിത്തം. 44

എട്ടാശകൾക്ക മധിപൻ വിഭു കൃഷ്ണനുള്ളിൽ
തട്ടാത്ത പാപി; യവനെപ്പഴി ചൊല്ലിയോൻ നീ
തൊട്ടാൽ കുളിക്കണമെടുക്കുക വില്ലു ചൂണ്ടൽ
കെട്ടാൻ കൊടുക്കുക; നടിക്കരുതാരുമേറെ." 45

ദൈവത്തെയോൎത്തു; നെടുവീൎത്തു; മുഖം കുനിച്ചു;
ഭാവം പകൎന്നു; നയനാംബു പൊഴിച്ചു; ക്ഷുപ്പി;
പാവം കിരീടിയമരുന്നതു കണ്ടു വിപ്ര-
നാവന്ന കോപദഹനജ്വരമസ്തമിച്ചു. 46

കഷ്ടം ദുഷിച്ചു ജഗദീശ്വര! ഞാൻകടന്നീ
ശിഷ്ടൻ ധനഞ്ജയനെയും ശിവ! രാമ! രാമ!
ദിഷ്ടത്തിനില്ല പിഴ; "നോക്കിഹകൎമ്മബന്ധാ-
ദൃഷ്ടങ്ങളാണനുഭവങ്ങ"ളിതാണു ശാസ്ത്രം. 47

സ്നേഹം കലൎന്ന വിഷയപ്രതിപത്തി മായാ
മോഹം വളൎത്തു; മതിൽ നിന്നഴലേതവൎക്കും
ഹാ! ഹന്ത! ഗേഹ, സുത, മിത്ര, കളത്ര സൌഖ്യം
ദേഹത്തെയോൎത്തു കരുതിക്കളയുന്നു ജന്മം. 48

ആരാണു ഞാ,നെവിടെനിന്നു വരുന്നു; പോകും
പാരാരുകണ്ടു, നിലയില്ലൊരു കമ്പമൊക്കെ;
ആരാണു മക്ക,ളവരെന്തിനിനിയ്ക്കു; സൎവ്വം
നാരായണന്റെ കളി; യാരറിയും പ്രപഞ്ചം. 49

കഷ്ടത്തിലായി വിജയൻ, പരമെന്റെ ദുഷ്ടം
ദുഷ്ടത്തിലായി വിജയം; തകരാറിലായി
നഷ്ടത്തിലാകുമുടനൎജ്ജുന; നാൎയ്യ കുന്തീ
ശിഷ്ടം നിനയ്ക്കുക ഞെരുക്കം; മഹോ! കടുപ്പം. 50

ആട്ടേ തിരക്കുകസഖേ!; സഖി കൃഷ്ണനേയും
കൂട്ടേണമിന്നുലകിൽ നിങ്ങളൊരുങ്ങിയെന്നാൽ
കൂട്ടേറു മോതിടുകയല്ലധികം സുസാദ്ധ്യം;
വാട്ടേണ്ടതില്ല ഹൃദയം; ശുഭമാസ്തുതേ. 51

പാദംനമിച്ചു വിജയൻ; കൃതിയന്തന്നാനു-
വാദം ലഭിച്ചു; ധൃതിയോടവിടുന്നിറങ്ങി

സാദം ത്യജിച്ചു; കൊലവില്ലുകൊലച്ചു; ചാപ
വേദം സ്മരിച്ചു; ബലിയെഴുഗികപിത്ര്യയാന്നാൻ. 52

എട്ടാശയും തിരയണം കുറെയൊന്നു ബുദ്ധി-
മുട്ടാതെകണ്ടു വിജയത്തിന്നു മാഗ്ഗമില്ല
ഒട്ടാകെയോത്തുവിജയൻ യമനോടു യുദ്ധം
വെട്ടാനുറച്ചുവിടെയെത്തി മനോജ്ഞവത്തിൽ. 53

ധൈയ്യം കുറഞ്ഞ വകയാണറിവില്ല വേണ്ട-
കായ്യങ്ങളൊന്നു മറിയില്ല വിപത്തിലൊട്ടും
ഭാഗ്യസ്ഥിതാണുനില; ഞാനിനി യീശ്വരൻെറ
വീയ്യങ്ങളുള്ള കഥ ചൊല്ലിയടുത്തുകൂടാം. 54

ഏവം നിനച്ചു; കരയും പ്രിയയോടു ശുദ്ധ-
ഭാവം കലന്നു ഭഗവൽസ്മരണക്കുവേണ്ടി
സേവസ്ഥനിന്നു പല സൽക്കഥയും പറഞ്ഞു;
ദൈവപ്രഭാവമവനിങ്ങിനെ വിസ്തരിച്ചു. 55

“അലയരുതരുതാരും ഹന്ത! സംസാരമാകു-
ന്നലയി;ലതിലിറങ്ങി ക്കൂത്തടിച്ചാൽ കുടുങ്ങി
നിലയുടെ കഥയില്ലാ; നീന്തിയാൽ നീങ്ങുകില്ലാ;
വിലയകര മനന്തം വീചി; യെന്താണൊരന്തം! 56

മൃതിജനി സുഖദുഃഖം മാറി മാറിജ്ജഗത്തിൽ
പ്രതിദിനമൊരു തുമ്പും വാലുമില്ലാത്തമട്ടിൽ
അതിരസമിഹ കാണുന്നില്ലയോ? ‘പേക്കിനാവീ-
സ്ഥിതി’യിതി കരുതുന്നോർക്കന്തകൻ പുല്ലുപോലെ. 57

‘നവ വിവരമിണക്കിത്തീൎത്ത പാത്രത്തിലേറ്റം
പവനനും; മുടൽപ്പൂകും ജീവനും തുല്യമേ’വം
‘ഏവനറിയു; മറിഞ്ഞാൽ പിന്നെ മായാപിശാചി-
ക്കവനൊരടിമയല്ലാ, നിത്യനിൎമ്മുക്തനായി. 58

ജനി; നില; മൃതിയേവം കൂത്തടിക്കും ജഗൽ ക-
മ്പനിയുടെ നിലനില്പാം സച്ചിദാനന്ദനാഢ്യൻ
കനിയു മവനെയന്നാം ‘വാസനാശക്തി നീങ്ങാ-
ങ്ങുനിപിഴ’യു മൊഴിഞ്ഞിട്ടോട്ടമെന്നാപ്തവാക്യം.” 59

ഗ്രഹനില ദശയെല്ലാം നോക്കി യാശ്വാസമാക്കാ
മഹ; മിവിടെയിരിക്കു ജാതകം വെച്ചുരക്കാം
മഹദപജയമെങ്ങാൻ പററിയാലുള്ളടക്കാ-
നിഹഭുവി പതിവേവം ജാതകക്കെട്ടെടുക്കൽ. 60

വേദത്തിൽ കണ്ടതത്വം പലതു; മവപര-
ത്തും പുരാണത്തിലോരോ-
വാദത്തിൽപെട്ട സാരങ്ങളു; മഴലകലും
കാലവും ജാതകത്താൽ
സാദത്തിനുള്ള ശാന്തിസ്സ്വരുളിയരുളിയ-
ന്നന്തണൻ കാന്തയാളാം തൻ
ഖേദത്തിയ്യുററി വാണു മറയുടെ പൊരുളിൽ
ചിത്തമൎപ്പിച്ചു സൌഖ്യം. 61

## മൂന്നാംസൎഗ്ഗം.

---

ഭയദശമനരാജ്യം തെക്കുതെക്കാത്രിലോകി-
സ്ഥിയലുമിടയിലപ്പിൻ മേളിലൂഴിക്കു കീഴിൽ
നിയതിയിൽ നിനവില്ലാപ്പാപികൾക്കുള്ള ശിക്ഷാ-
നിയമമുറ നടത്തും പ്രൌഢിയൊത്തുജ്ജ്വലിപ്പൂ. 1

സമനിലയിലനേകം ധൎമ്മനേതാക്കളുള്ളാ-
ക്ഷമയിലതിവിശേഷപ്പെട്ടെഴും പട്ടണാഗ്രം
വിമല മധിക ശാന്തം സജ്ജനാരാദ്ധ്യമാം "സം
യമനി"പൊലിമ പൊങ്ങിബ്ഭംഗി തിങ്ങിത്തിളങ്ങി. 2

കനകമയ മശേഷം; സൌഖ്യദം; കാമഗം; യോ-
ജന യടി ചതുരശ്രം; വിസ്തൃതം; നിസ്തുലാഭം
അനഘരുചിരശില്പം; നത്സഭാ മണ്ഡപം സ-
ജ്ജന നിവഹനിഷേവ്യം; ദിവ്യമങ്ങുല്ലസിപ്പൂ. 3

സുരവരപുരി തീൎത്താശ്ശില്പിനിൎമ്മിച്ച വിശ്വോ-
ത്തര ശുഭ സഭതന്നിൽ ശ്രേഷ്ഠസിംഹാസനത്തിൽ
നരരുടെ നെറികേടിന്നൊത്ത ശിക്ഷയ്ക്കൊരുങ്ങി
സ്ഥിരതയൊടരുളുന്നു ധൎമ്മരാജാധിരാജൻ. 4

ഒരുപുറമഥകാലം; മററിടം മൃത്യു; കോപ്പി-
ട്ടൊരുമയൊടൊരുമട്ടിൽക്കാത്തു ലാത്തും ഭടന്മാർ
"തിരുവടി യമനിന്നൊന്നോതിയാലണ്ഡഭാണ്ഡം
തിരു തകൃതിപൊടിക്കാം" മെന്നിളക്കുന്നു ഖഡ്ഗം.

നിരവധി പുകഴ്കൊണ്ടും ശ്രീമരുത്തുക്കൾ; വിദ്യാ
ധരവരരറിവേറും സിദ്ധസാദ്ധ്യാധിപന്മാർ;
സ്വരസുകൃതികൾ തെക്കൻ ദിക്കിലർക്കൻചരിക്കെ-
ച്ചരമ ഗതിയടഞ്ഞോർ; മൂവ്വർ വൈശ്വാനരന്മാർ; 6

ഇവരധിപനു ചുററും സ്ഥാനമാണ്ടോർ; സഭാ വൈ-
ഭവമൊരുവനുമോതിബ്ഭംഗിയാക്കാൻ ഞെരുക്കം
ദിവസവുമതിലോരോ ജോലിയുണ്ടേതവർക്കും
ഭുവനവിദിതമാണീ ച്ചുട്ടവട്ടങ്ങളെല്ലാം. 7

ഇവിടെയമരുമോരോ ജീവികൾക്കൊക്കെയീര-
ണ്ടവിടെയനുചരന്മാർ ശ്ശൂരരുണ്ടാസ്സദസ്സിൽ
ഭുവി നരരനുവാരം ചെയ്തിടും കൃത്യമെല്ലാ-
മവികലമെഴുതുന്നാ ച്ചിത്രഗുപ്തന്റെ കീഴിൽ. 8

ജനനമരണമോരോ ജീവികൾക്കും കുറിപ്പോ-
രിനവിവരമിരിക്കും ബുക്കു നോക്കിക്കഥിച്ചും
അനവധി ഭടരപ്പോൾ ദണ്ഡുമേന്തിത്തിരിച്ചും
ദിനസരി മുറയവം ചിത്രഗുപ്തൻ ഭരിക്കും. 9

ധരണിയിലഥ ചെന്നാക്കിങ്കരന്മാർ പിടിക്കും
നരരുടെ കഥയോർത്താലമ്പരപ്പാകമാനം
വരവനിത; വലിപ്പം; വിദ്യ; വിത്തം; കുടുംബം;
നിരവധി പുകഴ്കളെല്ലാം തീർന്നു താനേകനായി. 10

ക്ഷമയുടെ കഥയില്ലാതാട്ടിയോടിച്ചു സാക്ഷാൽ
ശമനസഭയിലേററി ശ്ശാസ്ത്രരീതിക്കു നിർത്തി

ക്ഷമയിലൊളിവിലായിച്ചെയ്ത കൃത്യങ്ങളും തൽ
സമയവുമവർ കേൾക്കെച്ചിത്രഗുപ്തൻ കഥിക്കും. 11

പകം; ലിള; രവി; മാനം; വഹ്നി; ധർമ്മം ശമം രാ-
വ്;ക; മൃഡുപതി; വാതം; സന്ധ്യരണ്ട്; പ്പി; വണ്ണം
പുകഴുടയ പതിനാലാളുമിച്ചൊന്ന കൃത്യം
സകലവുമിഹ നോക്കിക്കണ്ടതായ് സാക്ഷി ചൊല്ലും. 12

അരിയ സഭയി“ലഗ്നിഷ്വാത്താരാ;” “ഫേന പോ;ഷ്ഠ-
പ്പരിഷ”യറിവുകൂടുന്ന“സ്വധാ”;“കീർത്തി”യേവം
പെരിയ പിതൃവരന്മാർ കേസ്സുതോറും പ്രസംഗം
ത്വരിതതരമുത്തുക്കം കീഴ്നടപ്പും കഥിക്കും. 13

സുരഥ നൃപതി; മത്സ്യൻ; ബ്രഹ്മദത്താഖ്യ, നൌശി-
നരമനു; പൃഥു; രാമൻ; പിംഗളൻ; പൂരുപുണ്യൻ,
ശരഭ ധരണിപാലൻ; ഭീഷ്മകൻ; ഭീഷ്മ;രേവം
നരപതികൾ മഹാന്മാർ “ജൂറി”മാരാസ്സദസ്സിൽ. 14

പുലഹനഘ; വസിഷ്ഠൻ; ഭാർഗ്ഗവാഖ്യൻ; മതംഗൻ;
കലഹരതി; കരംഭൻ; പർവ്വതൻ; വാമദേവൻ;
കലശജമുനി; സാക്ഷാലാഷ്ടിഷേണൻ; തുടങ്ങി-
പ്പല പല മുനിമാരും “ജൂറി”മാരെന്നു കേൾപ്പൂ. 15

ഇവരിലധികപക്ഷം നോക്കിയധർമ്മരാജാ-
വവർകളരുളിടുന്നാ ശ്ശിക്ഷ ശീഘ്രം നടത്തും
എവനുമതിനെതൃക്കാൻ വയ്യ പൊറ്റെക്കാൾകണ്ണും താൻ
ജവമൊടു നരകത്തിൽ ജീവികൾക്കെന്നു ചട്ടം. 16

യമസഭയിലിവണ്ണം ധൎമ്മശാസ്ത്രങ്ങളോൎത്ത-
ക്രമരഹിതമനേകം ജോലി ചേലായ്നടക്കെ
സമരനിപുണനൃക്കളുള്ളൎജ്ജുനൻ കോപമാൎന്നാ-
ശ്ശമനനൊടടരാടാനപ്രദേശത്തിലെത്തി. 17

ഉടനടിയിടവാങ്ങി ക്കൂസൽക്കൂടാതെ ചെന്നുൾ-
ക്കട കടകനലാളും ദൃഷ്ടിയിട്ടൊന്നു തട്ടി
പടവുകളടിയൂന്നിക്കേറി നിന്നസ്സഭാസം-
ഘടന മഹിമയെല്ലാം പാൎത്തു പാൎത്ഥൻ നടുങ്ങി. 18

അരികിലതിഥിപൂജജ്യോൎമ്മ വെച്ചെത്തിയേറെ
പ്പരിചിത നില കാട്ടും ധൎമ്മരാജന്റെ നേരേ
അരിശലഹരിയുള്ളോൻ വില്ലു കുത്തിപ്പിടിച്ചും
ഗ്ഗിരിശ ശാമിളക്കി പാൎത്ഥനിത്ഥം പറഞ്ഞാൻ. 19

"തരിക തരികവേഗം ബ്രാഹ്മണാപത്യ; മൊന്നാ-
ള്ളരിശമിളകിടുന്നു; പത്തു മിന്നെന്റെ മുമ്പിൽ
ദുരിതമവരിലോരോന്നൊക്കയും കണ്ടിരിക്കാം
ശരി; യവയിവനേറെ; വാശിവീശം വിടാ ഞാൻ. 20

ഹരനുടെ പരശിഷ്യൻ, ധൎമ്മപുത്രാനുജൻ, ശ്രീ-
വരനിവനുടെ സൂതൻ, വഹ്നിദത്തം ശരാസം;
ധരണിസുതനുവേണ്ടിച്ചെയ്ത സത്യംവിടാ; സം-
ഗരകുതുകി കലുങ്ങാ; കാലകേയാന്തകൻ ഞാൻ. 21

സകലവു മറിയപ്പോന്നുള്ളൊരാളെന്തിനെന്നിൽ
പ്പുക കളക; വരുത്താ സത്യഭംഗം പ്രസംഗം

പകലിരവു കഴിഞ്ഞിപ്പന്തിരണ്ടാണ്ടു സത്യം
വകതിരിവൊടു കർത്താപ്പാരിടം നേടിയോൻ ഞാൻ."

"അരുതരുതൊരുലേശം കോപമുള്ളിൽ ഭവാനോ-
ടൊരുപക യിവനില്ലാ; മല്ലിടാനില്ല മോഹം;
കുരുകുലമണിമുത്തേ! നേരുകേടായ കാര്യം
കരുതുക പതിവില്ലാ; വിപ്രവർഗ്ഗത്തിലൊട്ടും; 23

സുരവരസുത! സാക്ഷാൽ ധർമ്മപുത്രൻ ഭരിക്കും
ധരണി; വിള മുകുന്ദസ്വാമിവാഴുന്ന കാലം;
നരരിലഴലുദിക്കാ; ഭൂസുരാപത്യനാശം
പരമതിശയ; മയ്യോ പാർത്ഥ! ചേരാത്ത കാര്യം. 24

ഒരുപടി മൃതരായീ പുത്രരെന്നുള്ള ചൊല്ലി-
ന്നൊരുപുതുമ; വരില്ലാ ധർമ്മജന്മാവിരിക്കെ
ഒരുസമയമിതെങ്ങാൻ മാധവൻ തന്റെ കേളി-
ത്തിരുമറിയിലകപ്പെട്ടുള്ളതാ മുള്ളതെങ്കിൽ. 25

ധരണിസുരസുതന്മാരിപ്രദേശത്തൊരാളും
നരതിലക! ഗമിച്ചിട്ടില്ല സന്ദേഹമില്ല
നാമുനിവര! കോപംവേണ്ട ഞാനൊത്തുപോരാം
നരകനിരസമസ്തം കാട്ടിടാം ബോദ്ധ്യമാക്കാം." 26

ശമനവചനമിത്ഥം കേട്ടു പാർത്ഥന്റെ കോപം
ശമനനിലയിലായി; കാലനെക്കൈവണങ്ങി
"ശമലനിധികളെല്ലാം സങ്കടം കണ്ടുവെന്നാൽ
ശമമിവനിലുദിക്കും" പാർത്ഥനേവം നിനച്ചു. 27

സുകൃതികളണിമുത്താം ജിഷ്ണുവൊന്നിച്ചു ശാന്ത-
പ്രകൃതിശമനദേവൻ കൈപിടിച്ചാത്തമോദം
വികൃതികൾ കുടിപാർക്കും കോട്ടപുക്കിങ്ങുകാട്ടും
തകൃതിയുടെ ഫലത്തെക്കാട്ടിയൊക്കെപ്പുത്തുക്കെ. 28

ക്ഷിതിയിലപരവിത്താപത്യദാരാപഹാര-
ച്ചതിയരെയടികൂട്ടിപ്പട്ടിണിക്കിട്ടുകെട്ടി
അതികഠിനമിഴച്ചും കിങ്കരന്മാർ ശഠിച്ചും
സ്ഥിതിഭയദമിതാം "താമിസ്രഗർത്ത"ത്തിൽ നോക്കു 29

അതിപലിശ പണത്തിന്നേട്ടിരട്ടിച്ച ലാഭം;
പ്രതിദിനമതിനോരോ സൂത്രമോതിപ്പുകിട്ടി
മതിയിലൊരലിവെന്യേ പുഞ്ചിരിപ്പൂച്ചുപൂച്ചി-
ച്ചതിയിലപരവിത്തം കട്ടുലാക്കും ഖലന്മാർ 30

നരരിവിടെയനന്താ "ലാന്ധതാ"മിസ്രമാമി
നരകഗുഹയിലാക്കും നാക്കുചെത്തും ചതച്ചും
പിരടിയിലടി; പല്ലും കണ്ണുമൊപ്പം തെറിക്കും;
ചരരുടെ പണിനോക്കു തൊള്ളയിൽകോലിടുന്നു; 31

ഇവനിവനുടെപുത്രൻ; ഭാര്യ; വിത്തം ശരീരം;
ഭവനമവനി;യെന്നോർത്താരെയൊക്കെക്കെടുത്തും
അവരിഹ രുരുജന്തുക്കളൂട്ടരമ്മാറവൻ "രൌര-
രവ"നരകമണഞ്ഞാൽ ചെന്നുതിന്നാൻ തുടങ്ങും. 32

രുരുനിര ഫണിയേക്കാൾ ക്രൂരസത്വങ്ങളേറ്റ-
ല്ലുരുഭയദമിവററിൻ കൊത്തലേറേ റാജസ്രം

പുരുഷസഖിയായ്ത്തീട്ടാത്തരായ് സ്വാത്ഥമേറെ
ക്കരുതിയ ഖലരിപ്പോൾ കാൺക കാട്ടുംപ്രപഞ്ചം. 33

അവനവനുടെ ദേഹംമാത്രമോപ്പോർ "മഹാരൌ-
രവ"മിതിലുടനെത്തും ഭാരശൃംഗങ്ങൾ കൊത്തും
ഇവരുടനിരയക്കാൾ ക്രൂരജന്തുക്കൾ വല്ലാ-
ത്തവ വിജയ! ധരിക്കു സ്വാത്ഥികൾക്കുള്ള ദുഃഖം. 34

അവനിയിലുയിരൊക്കം ജന്തുസംഘത്തെ വേവി-
ച്ചവരനിശമശിക്കും ദുഷ്ട ദുർബുദ്ധിവർഗ്ഗം
അവരുടെ കഥ "കുംഭീപാക"ത്തിൽ നോക്കു
ശിവ! ശിവ! പിടയുന്നു ചുട്ട തൈലത്തിനുള്ളിൽ. 35

മുകളിലിനനുടക്കെക്കീഴിലാളും ഹുതാശൻ;
പുകയുമനിശമമ്പോ ചെമ്പുകൊണ്ടുള്ള പാലം
വികലമധികദീർഘം കാണുമോ വാക്കുള്ളിലാധി-
പ്പകപ്പകരമിതത്രേ "കാലസൂത്രം" കഠോരം. 36

ജനകജനനിദേവബ്രഹ്മവിദ്വേഷമേല്ക്കും
ജനമിവിടെവരുമ്പോൾ കാലസൂത്രത്തിലേററി
കനപ്പെരികടുവേലത്താട്ടിയോടിച്ചു തല്ലി-
ത്തനതുയിരുകൊടുക്കാതിട്ടു നട്ടം തിരിക്കും. 37

തരു,ലത,ചെടി,യെല്ലാം വാളിനം കാടുകണ്ടോ
കരുതുക "അസിപത്രം" തൊട്ടതിന്നും ഖലന്മാർ
ഒരുവഴിയിതിൽ നോക്കു കിങ്കരന്മാർ കടത്തി-
ട്ടോടപാരുതികൊടുക്കാതാട്ടിയോടിച്ചിടുന്നു. 38

നരപതികൾ, മഹാന്മാർ മന്ത്രിമാരാട്ടെ; ഭൂമീ-
സുരനു;മറികടണ്ഡം; തെറ്റുചെയ്യാത്തവനും
വിരവൊടുതകിയെന്നാലായവൎക്കുള്ളതാം "സൂ-
കരമുഖ"മിതിച്ചിട്ടാക്കുട്ടരെക്കൊട്ടയാട്ടും. 39

ദിനസരി ശുഭഹോമം, പഞ്ചയജ്ഞാദികൎമ്മം,
മനനം,മതിഥിപൂജാ ഭക്ഷനാദ്യങ്ങ;ളെന്യേ
തനതുദരമൊരിക്കൽ പൂരണംചെയ്തുപോയാ-
ലനവധികൃമിയുള്ളി കുണ്ടിൽവീഴും ദ്വിജന്മാർ. 40

അവരിഹ "കൃമിഭക്ഷം" പൂകുമപ്പോൾ കടക്കും
നവവിവരവഴിക്കും വൻപുഴുക്കൂട്ടമൊപ്പം
ശിവ? ശിവ! കൃമിയേത്താൻ തിന്നിടും ക്ഷുൽപ്പിപാസാ-
വിവശരവരജസ്രം പാൎത്ഥ! ചെന്നൊന്നുഃനാളു. 41

ധനനിര; നവരത്നം, പട്ടു, പൊന്നെന്നിതെല്ലാം
ദിനമനുഭവികേറിക്കൊള്ളചെയ്യും ഖലന്മാർ
മനമിടറി മരിച്ചിട്ടിങ്ങുവന്നെത്തിടുമ്പോ-
ളനവരതമിരിപ്പാൻ കാങ്ക "സന്ദംശ"സത്മം. 42

കുടിലുകളിവയെല്ലാം കിങ്കരന്മാർ പഴുപ്പി-
ച്ചടിമുതൽ മുടിയോളം രോമമെണ്ണിപ്പറിക്കും
തടിയിടിപൊടിയാക്കും ക്ഷുൽപ്പിപാസാർത്തരായാ-
ല്ലൊടിമണലിഹതീറ്റും ചെന്നുവേണെങ്കിൽ നോക്കാം.

പുണരരുതരുതെന്നാശ്ലേഷിച്ചിരിപ്പോരൊടൊന്നി-
ച്ചിണപിണയുമിവൎക്കിങ്ങെത്തിയാൽ രണ്ടുപേൎക്കും

കണ്ണഴിഞ്ഞു ശരി ചുട്ടചെമ്പുകോലങ്ങൾകെട്ടി-
പ്പുണ്ണരഞ്ഞുമടികൊള്ളും മട്ടിയാൽ ചട്ടമേവം. 44

ക്ഷമയുടെപതി വിപ്രൻ മന്ത്രിമാർതൊട്ട വൎണ്ണം-
ശ്രമവിഹിതസുധൎമ്മം വിട്ടെഴും മൎത്ത്യർചത്താൽ
യമഭടരുടനെത്തിത്തട്ടിയോടിച്ചു മാൎഗ്ഗ-
ശ്രമമൃതകിവലിച്ചീനാട്ടിലേക്കാനയിക്കും. 45

പരമിവിടെയണഞ്ഞാൽ കാലപാശംവിരിച്ചി-
ട്ടരയിലൊരുകുടുക്കിട്ടാട്ടി മേല്പോട്ടുപൊക്കി
കരയുമവരെ, രണ്ടാൾ തൂക്കിയാട്ടീട്ടധോ "വൈ-
തരണി" നദിയിൽ വീഴ്ക്കും പൊങ്ങിയാൽ ചെന്നുമുക്കും.

മുതല മുതുകടിക്കും കണ്ണു മത്സ്യങ്ങൾ കൊത്തും
പത,നര,യിവ മൂക്കിൽകേറിടും വീപ്പുമുട്ടും
ചിതറിന തിരയൂക്കിൽ പാറമേലെല്ലൊണ്ടലച്ചും
ചതയുമുടൽ;മരിക്കാ പാൎത്ഥ! ചെന്നൊന്നുനോക്കാം. 47

നരകനിരയിലിച്ചും ചോട്ടുപുറവും കിടങ്ങി
വമനദിമലം,മൂത്രം, പൂയമിത്യാദിപൂൎണ്ണം
നര, പത, കഫ, മേദോ, മാംസ,മത്ര്യന്ത്രദുൎഗ്ഗം
കരയുടെ കഥയില്ലാ പെട്ടുപോയാൽ കുടുങ്ങി. 48

കുലമഹിമ, മഹത്വം, ധൎമ്മസാരങ്ങൾ, വേദം,
നിലയിവനിനവെന്യേ കാമലീലയ്ക്കുവേണ്ടി
കുലടയിലണയുന്നോർ വീണിടും പാപികൾക്കു
ചല,മല,കൃമി,പൂൎണ്ണം കൂട്ടരൊട്ടല്ലിതിങ്കൽ. 49

കരടി, കഴുത, നായക്കൂട്ടമൂട്ടിപ്പലത്തും
ധരണിവിബുധർ; പോരാ വേട്ടയാടും ദ്വിജന്മാർ
വരവിവരുടെ നോക്കു കിങ്കരന്മാർ ശരീരം
ശരശകലിതമാക്കിക്കൊണ്ടിതാ വന്നിടുന്നു. 50

ദുര, ഞെളിവി,വമൂത്തിട്ടാചരിക്കുന്ന യാഗാ-
ന്തരഗത പശുഹിംസാ കാരകന്മാരെയൊക്കെ
പരമിവിടെവരുത്തിച്ചീച്ചവാൾകൊണ്ടറുക്കും
കരയുകിലടിച്ചുറവും ചാട്ടയാട്ടും ഭടന്മാർ. 51

കുലഗൃഹിണിയില്ലാതാത്തരേതസ്സുവേറേ-
ചലമിഴിമണിമാരിൽ ചേക്കവോരിഞ്ഞുവന്നാൽ
നലമൊടവരെ "ലാലാഭക്ഷ"മാം കുണ്ടിലാക്കി
ബ്ബലമുടയ ചരന്മാർ കാഞ്ഞുവയ്യാ കഥിപ്പാൻ. 52

നുണപറയുക; കള്ളംതാപ്പിലൊപ്പിക്കു; കള്ള-
പ്പണമനവധി ദാനംചെയ്യു; ചൌര്യങ്ങളേവം
ഗുണനിനവൊടുചെയ്യും കൂട്ടർ ചത്തിട്ടു വന്നാ-
ക്ഷണമിവിടെ "യവീചീ"കല്ലുമത്തിൽ പതിക്കും. 53

ഗിരിയൊരുപടിപൊക്കം മേളിൽനിന്നിട്ടു ചോര-
പ്പുരിഷയെയെറിയുന്നു കല്ലിൽവീണിട്ടു ദേഹം
തരിതരി തകരുന്നു പിന്നെയും പിന്നെയും കാ-
ഞ്ഞോരിശമൊടെറിയുന്നു ചത്തിടുന്നില്ലൊരാളും. 54

അതിഥികളണയുമ്പോൾ ദുർമ്മുഖം കാട്ടിയുള്ള-
സ്ഥിതി,കടുകനലാളും ദൃഷ്ടികൊണ്ടുള്ളനോട്ടം;

കതിപയമൊഴി; പാമരൻ ഞെട്ടുമിമ്മട്ടെഴുംദു-
ഷ്കൃതി ഗൃഹപതി "പശ്ചാവത്ത്"മെന്നും മരിച്ചാൽ.

കഴുമിഴിയിണകൊത്തും; നാക്കുടൻ കാക്കകൊത്തും,
കൊഴുനിണമണിവക്ത്രം കൊററി കൊത്തിപ്പൊളിക്കും
വിഴുമളവിലടിക്കും കിങ്കരന്മാർ; കുഴഞ്ഞും
പൊഴുതിലവർനിനക്കും പാമരവിദ്വേഷകൃത്യം. 56

ഒരു പൊറുതികൊടുക്കാതെപ്പൊഴും ചീത്തചൊല്ലു-
ന്നൊരു ഗൃഹപതിചത്തിട്ടിപ്പുരത്തിങ്കൽ വന്നാൽ
കുരുകുരെ മുനയുള്ളാത്തൂശി രോമങ്ങൾതോറും
തിരുകുമവർ കരഞ്ഞാൽ തൊള്ളയിൽ കൊള്ളിതള്ളും.

കിഴവികൾ, കിഴവന്മാർ, ബാലകന്മാരിവർക്കു-
ങ്ങഴലധികമിയററി ദുഷ്ടജായാസമേതം.
അഴകൊടു കളിയാടും പാപി ചത്തിങ്ങുവന്നാൽ
പിഴ ശിവ! ചെറുതല്ലാമെന്നടുത്തൊന്നുകാണാം. 58

ഒരു വലിയനിലാതിൽ തിയ്യെരിച്ചോടുരുക്കി-
ത്തരുതെരയതുമുക്കി ത്തൊള്ളയിൽ പാർന്നിടുന്നു
പുരുരുജസഹിയാഞ്ഞിട്ടത്ര തത്തിപ്പിടക്കും
പുരുഷനെയടി,നേരുള്ള കോരിവീഴ്ത്തുന്നു വീണ്ടും 59

മുനകളിലിഹശൂലംതോറുമിക്കൂട്ടർ ഹാ! സ-
ജ്ജനനിവഹവിനിന്ദാകാരകന്മാർ നരന്മാർ
അനവധികഴു, കാക്ക പ്രാതലൂണാക്കി ദേഹം
തനതുയിരുവിടാതുണ്ടാർത്തു പേർത്താർത്തിടുന്നു. 60

ധൃതിയിലവിടെവന്നാച്ചിത്രഗുപ്തൻ പറഞ്ഞാൻ
"മതിമതി മതിയാക്കാം ജോലിയുണ്ടാസ്സദസ്സിൽ;
ക്ഷിതിസുരസുതരിന്നീയന്ധഭാണ്ഡത്തിലില്ലാ
മതികുലമണിമുത്തേ!യിക്കണക്കൊക്കെനോക്കാം;" 61

"ശരിശരി ഹൃദിബോധ്യംവന്നു ഞാനൂലമായി-
പ്പെരിയസമയനഷ്ടംപററി; തെററെൻറപേരിൽ
തരിക തരികമാപ്പെ"ന്നജ്ഞനൻ; കാലനപ്പോൾ
"പരിഭവമതിലില്ലെ"ന്നോതിയാത്രക്കൊരുങ്ങി. 62

സുരവരസുതനപ്പോൾ കാലനെക്കൈവണങ്ങി-
ട്ടരമനമതിവാങ്ങി; ശ്ശാന്തചിത്തൻ കൃതാന്തൻ
"പരമകുശലിയാകെ"ന്നോതിയാക്കയ്യു രണ്ടും
ശിരസി പരമണച്ചു പാർത്ഥനെത്താനയച്ചു. 63

നരകനിര കടപ്പം കണ്ടു കത്തുന്ന ചിത്തം
ഹര! ഹര! ശിവ! ഭൂമിവാസമേറെപ്രയാസം
ധരണിസുരസുതന്മാർ പത്തുപേരേയുമേറെ-
ത്തിരയണമിനിയെല്ലാദ്ദിക്കിലും; ഞാൻപുറത്തും; 64

യാമ്യം, നൈരൃത,മനുവാരുണ,മഹോ
വായവ്യ,മത്യത്ഭുതം
സൌമ്യം, ശാങ്കര,മൈന്ദ്രകം; ഭയമമാ-
മാഗ്നേയ,മീനാടുകൾ
സാമ്യംവിട്ടബലംകലന്ന വിജയൻ
തിട്ടം തിരഞ്ഞിട്ടുമാ-
സൌമ്യബ്രാഹ്മണപുംഗവൻെറ മകനെ-
ക്കണ്ടില്ലകണ്ടോപണി. 65

പാതാളം മുതലെന്തിനിന്നധികമായ്
ചൊല്ലുന്നു വിശോശാരൻ
ധാതാവാണ്ടുളളംപടംവരെയിവൻ
തെണ്ടിത്തിരിഞ്ഞീടിലും
സ്ഥീതായാസമലഞ്ഞതേ ഫല;മിനി-
ച്ഛാകാതിരുന്നീടുവാ-
നേതായാലുമസാദ്ധ്യമെന്നുവിജയൻ
തിയ്യിട്ടെരിച്ചീടിനാൻ. 66

ഇക്കാണുന്ന ചരാചരങ്ങളണിയും
ലോകങ്ങളൊക്കെസ്സുഖം
തിക്കാതുള്ളിലൊതുക്കിവാണരുളിടും
ദൈവത്തിലന്നർജ്ജുനൻ
ഉൾക്കാമ്പാക്കിയ ഭേദബുദ്ധിയൊട"ഹം
ബ്രഹ്മാസ്മി"യെന്നായുര-
ച്ചക്കാളും ഘനപ്രഭാകുളുർനിലാ-
വേററാത്തിയാറീടിനാൻ. 67

എന്നിട്ടാത്മ വിശുദ്ധിയൊത്ത വിജയൻ
നൈരാശ്യമാർന്നുകൊടും
"തന്നിട്ടത്തനുനാശ"മെന്നറിയുവിൻ
ചാടീടിനാനഗ്നിയിൽ
മുന്നിട്ടെത്തി മുകുന്ദ"നർജ്ജുന! സഖേ!
ചാടൊല്ല ചാടൊല്ലഞാൻ
വന്നിട്ടുണ്ടഴലെന്തിനെ"ന്നരുളിനാൻ
ചാട്ടംപിടിച്ചീടിനാൻ. 68

# നാലാംസർഗം.

“ഛേദിച്ചാൽ വിഴുമീഞാൻ; നീ ബലി; നില്ലുക നില്ലുക
“തൊലിപൊള്ളുന്നുമേ, തിയ്യോജ്ജ്വലിക്കുന്നു, കള്ളികൊലാ
“കുടയാസ്ക; കുടഞ്ഞാലും പിടഞ്ഞാലും വിടില്ല ഞാൻ;
അടങ്ങുക; നിനക്കെന്നെ കുടക്കാൻ ദുർഘടം സഖേ!

“കണ്ണിൽ നീർ നിറയുന്നെന്നെ ബാധിപ്പിക്കരുതർജ്ജുന!
ഉണ്ണികൾക്കോഞ്ഞരുക്കാം; ഞാ നെണ്ണിയെണ്ണിത്തരാമെ
(ടോ.

“നിങ്ങളെ കഷ്ടമെന്നോർപ്പൻ പെങ്ങളെ, പെങ്ങളെസ്സഖെ!
ഞങ്ങളെസ്സാരമില്ലസ്ത തങ്ങളെക്കരുതേണ്ടയോ?
“കുതിക്കേണ്ട, കുതിക്കേണ്ട; കൊതിക്കേണ്ടമരിക്കുവാൻ;
സ്തുതിക്കേണ്ടവനീഞാൻ, നീ മതിക്കേണ്ട മനംകെട്ടം. 5
“കെട്ടിയാടിക്കളിച്ചിന്നീ മട്ടിൽ കാണും ചരാചരം
ചട്ടിച്ചാനുള്ളിലാക്കുന്ന കുട്ടികൃഷ്ണൻ പിടിച്ചവൻ. 6
“നിസ്സം; ഗാണ്ഡീവവും; കുത്തും തിസ്സം; വിപ്രന്റെ മക്കളും;
എയ്യുമമ്പും; സത്യവാക്കു; മിസ്സമുള്ളം നല്ലിയർജ്ജുന!
“കുരുസംഗരവും ഞാൻ ചെയ്യോരു സാരഥ്യകർമ്മവും.
അരുളിത്തന്ന വേദാന്ത പ്പൊരുളാം പുണ്യഗീതയും. 8
“കുരുവംശജ! നിന്നുള്ളിൽ കരുതുന്നോ, മറന്നുവോ?
വരും സങ്കടവാരാശി ക്കൊരുവങ്കരയല്ലീഞാൻ? 9
“മന്ദസ്മിതാർദ്രമധുരം സുന്ദരം നിന്മുഖാംബുജം
നന്ദജൻ; ബന്ധു; തോഴൻ, ഗോവിന്ദൻ, കാണട്ടെയർജ്ജുന.

ശാന്തഗംഭീരമധുരം കാന്തംകൃഷ്ണന്റെ ഭാഷിതം
സ്വാന്തത്തിൽതട്ടി വിജയ നോന്തത്വത്തെനമിച്ചതെ
ഒഴുകുംകണ്ണുനീർകൊണ്ടു കഴുകിച്ചുപദാംബുജം
തൊഴുതുകൈപൂണ്ടുനാണത്തിൽമുഴുകിപ്രാർത്ഥനോതിനാൻ
"അടിയൻതൃപ്പദാംഭോജ പ്പൊടിയേററുപുലന്നവൻ
പിടിയാത്തോർകിടന്നേറെ നടിച്ചാൽനെറികെട്ടിടും.()
"മേറപ്പൊരുളിനോടുള്ളിൽ കറവെച്ചുമദിച്ചുഞാൻ
ഇറങ്ങീശിവനേ!മൂലം മറന്നാലല്ലിവിസ്മൃതി"? 14
"മെറയോരെത്തുണസ്സുന്ന മുറവാസ്സവ;മെങ്കിലും
പുറപ്പാടവിട്ടത്തോടു പറയാതെകുറമ്പുതാൻ. 15
"വില്ലുംശരങ്ങളുംപുല്ലു പുല്ലുപോലായസങ്കടം
ചൊല്ലുവാനരുതേകൃഷ്ണ! കൊല്ലുകെന്നെബ് ഭവാനിനി.
"താനിനിത്തിരയു ലക്ഷ്മീ ജാനിയൊത്തു കിടാവിനെ"
ഈനിലസ്സുള്ളവിപ്രോക്തി മാനിക്കേൾക്കാത്തഞാൻ ജ
(ളൻ
"വിശ്വംജയിച്ചതും ഞങ്ങളശ്വമേധം കഴിച്ചതും
വിശ്വമൂർത്തിഭവാനുള്ള ശശ്വല്ക്കാരുണ്യശക്തിതാൻ. 18
"ഭൂതനായി;ഭവാനെന്റെ സൂതനായി; കൃപാനിധേ!
പ്രീതനായിത്തിരഞ്ഞിങ്ങായാതനായിപ്പിടിച്ചുമാം. 19
"സത്യമൂർത്തേ!ഭവാനെന്റെ സത്യംരക്ഷിച്ചിടേണമേ
നിത്യനാണു;ജനാണു;ഞാനത്യന്തം ഭക്തനാണുഞാൻ.
"ജയദ്രഥരണത്തിങ്കൽ ജയംതന്നജഗൽപതേ!
ജയഗോവിന്ദ! വിപ്രാപ ജയംതീർത്തുതരേണമേ" 21
ഇവ്വണ്ണംകാല്ക്കൽവീണിഷ്ട നാവലാധികഥിക്കവെ

കൈവല്യമൂൎത്തികളെക്കൊണ്ടന്നേവംതഴുകിയോതിനാൻ.
“പെശിപ്പൂമിനിയാ“ന്നേകാദശിനോൽമ്പ;”റിവില്ല (യോ
അശിച്ചില്ലാ“ശ്രോവണദ്വാദശി”യിന്നലയുംസഖെ!
“ഇന്നുപൂജിച്ചുഞാന്താൻന്നൂറൊന്നുവിപ്രരെയൂട്ടി:നൻ
പൊന്നുംധനങ്ങളുംനൽകി നിന്നുവാങ്ങിയനുഗ്രഹം. 24
“അതിന്നുശേഷമുണ്ടീടാൻ ധൃതിയായ്ചെന്നിരിക്കവെ
“ക്ഷേതിച്ചുനഞ്ജുനൻതിയ്യിൽ പതിക്കാ”നെന്നുകേട്ട (ഞാൻ
“ഓടിനേൻകൈകടഞ്ഞങ്ങു തേടിപ്പാകത്തിലെത്തി (ഞാൻ
ചാടിപ്പിടിച്ചേ“നെന്തേട്ടമോടിയെന്നോ” ധനഞ്ജയ!
“ദേശമീതിഥിനാളുച്ച സ്സ്വശനംഞാൻകഴിച്ചവൻ
അശക്തൻഹന്ത!നിയ്യെന്നെമശക്കാൻതീന്നവൻസഖേ!
തിരുവായ്മൊഴികേട്ടിട്ടാ കുരുവംശശിഖാമണി.
പരുങ്ങിനെട്ടുവീൎപ്പിട്ടു കരുതിച്ചൊല്ലിയിങ്ങനെ. 28
“എന്നെയിട്ടുകളിപ്പിച്ചാൽ നന്നെന്നോനിന്മതംപ്രഭോ
ഇന്നെന്തോതെല്ലുതെറെഞ്ഞാൻ വന്നെങ്കിൽവഷളാക (ണോ?
“ശോകവും,ഭൂർഭുവസ്വാദി ലോകവുംസമമുണ്ടവൻ
ആകപ്പാടെവിശന്നിന്നു ശോകത്തിൽപെട്ടുവല്ലയോ?
ക്ഷുല്ലിപാസകളോക്കില്ലാം കെല്ലിലങ്ങെസ്സരിപ്പവർ
“കെല്ലിച്ചാൽശരിയ”ല്ലെന്നു ജല്ലിച്ചാൽപിഴ;തോററു (ഞാൻ”

കരിങ്കാർനിറനിഷ്ഠുരൻറപരിഹാസോക്തികേൾക്കയാൽ
ചിരിച്ചുകൈപിടിച്ചോതി പരിഭ്രമമകററുവാൻ
"വിപ്രപുത്രരെന്നൊമ്മൾക്ക നിഷ്പ്രയാസംകൊടുത്തിടാം
ക്ഷിപ്രമെത്താമവരെഴു മപ്രദേശമറിഞ്ഞുഞാൻ. 33

"തേരിൽക്കേറിപ്പുറപ്പിച്ചാപ്പാരിലെത്തിക്കിടാങ്ങളെ
നേരിട്ടുകൊണ്ടുവന്നേകാ മാരിടഞ്ഞാലുമർജ്ജുന!
"വരുമ്പോൾദാരുകൻതേരു മൊരുക്കിപ്പോന്നു, പക്ഷേ (ഞാൻ
"കരുപൊച്ചി"ലിനിക്കൊപ്പം വരുമോ വായുവുംസഖേ!
"എത്തിക്കഴിഞ്ഞു ഗന്ധർവ്വരൊത്തിടും പത്തനപ്പടി
വൃത്തിയുള്ളെൻറ തേരാകാശത്തിതാ കാണുകർജ്ജുന!
"മന്നിൽവീഴുന്നുവോ?വാനം; പൊന്തിക്കുന്നുപറക്കയോ?
വന്നിടുന്നോ?സൂര്യ്യ;നക്ഷിചിന്നിപ്പോകുന്നു മാധവ!" 37
"കണ്ണുപററിസ്സുമോതാനീവണ്ണം ചൊല്ലരുതർജ്ജുന!"
"കണ്ണൻഞാനോ താമരപ്പൂക്കണ്ണ! നീതന്നെയല്ലയോ?"
ജയദേവ!ജഗൽപ്രാണ! ജയപാർത്ഥ! പരന്തപ!
അയത്നമെത്തിനേൻ തേരിൽകയറാംകൈതൊഴുന്നു (ഞാൻ. 39

ഉരുളുംതേർനിറുത്തിക്കൊണ്ടരുളും ദാരുകൻമൊഴി
കരുതിക്കയറീരണ്ടു പുരുഷോത്തമരും സമം. 40
ലക്കിൽതട്ടി;ലകാൻവിട്ടു; മുക്കിച്ചാട്ടയിളക്കവെ;
തലപൊക്കിക്കുതിച്ചോടീ നിലമുട്ടാതെ വാജികൾ. 41
ജംബുദ്വീപപ്പുനീരാഴി; പ്ലക്ഷമിക്ഷുരസാംബുധി;
ശാന്മലിദ്വീപുമദ്യാബ്ധി, ക്രൌഞ്ചാനെയ്യാംമഹാർണ്ണവം

കുശദ്വീപാപ്പാൽസമുദ്രം; ശാകം തൈരായ വാരിധി;
പുഷ്ക്കരംശ്ശുദ്ധനീരാഴി; ലോകാലോക മഹാചലം; 43

അതിവേഗമിതൊക്കെയും കുതിച്ചോടിക്കടക്കവെ
കുതിരത്തലവന്മാർക്ക ഗതിമുട്ടിയിരുട്ടിനാൽ. 44

രവിരശ്മികടക്കാത്തുള്ളവിടെക്കൂരിരുട്ടു താൻ
ഭാവിച്ചു വികടം മേഘച്ഛവിയോടോതി ദാരുകൻ. 45

“ചൊരിയുന്നൂ തമസ്സു;ള്ളം പൊരിയുന്നുണ്ടു; വാജികൾ
തിരിയുന്നൂ; വിഭോ! മാർഗ്ഗം തിരിയുന്നില്ല ലേശവും. 46

കടിഞ്ഞാണു വലിച്ചിട്ടു; മടിച്ചിട്ടും; കുഴഞ്ഞിഞാൻ
പിടിവിട്ടു തുരംഗങ്ങൾ; ളൂടിയൻ മട്ടി മാധവ!” 47

പൊട്ടിക്കരഞ്ഞു പേടിച്ചു ഞെട്ടിപ്പാർത്ഥൻ മുകുന്ദനെ
കെട്ടിപ്പിടിച്ചിടത്തൊണ്ട പൊട്ടിക്കൊണ്ടരുളീടിനാൻ

“ഇരുളേ നാൽമറസ്ഥുള്ള പൊരുളേ! ഹാ! ഭയങ്കരം.
കുരുടൻമട്ടു തപ്പാറായ്ത്തിരുമേനിക്കുമീശ്വര! 49

നിശാഗമമതല്ലീ ദൃഷ്ടശാഗമമൊരിക്കലും
ദശാവതാരകുശല! കൃശാനുപ്രഭ! പാഹിമാം. 50

മണ്ടിപ്പോരുംരഥം വല്ല കുണ്ടിലും ചെന്നു ചാടിയോ?
കണ്ടിടുന്നില്ല ഞാൻ പുല്കി കൊണ്ടിരിക്കും ഭവാനെയും

ചത്തുപോമുമ്പു ഞാൻ വിപ്രാപത്തു തീർക്കണമച്യുത!
എത്തുമോ? നിൻ കൃപാപൂരമൊത്തുവെങ്കിൽ നടത്തിടാം’

അഭയം ഭക്തനിൽ ചേർപ്പാനുഭയഭ്രമമററവൻ
ശുഭം സുദർശനാദിത്യ പ്രഭ സുഷ്ഠു തിളക്കിനാൻ. 53

തിക്കിവീണു പടിഞ്ഞാറെദ്ദിക്കുനോക്കീട്ട വാജികൾ
ഒക്കമുക്കിൽ കുതിച്ചോടിപ്പുക്കു, “വൈകുണ്ഠപട്ടണം”

പട്ടണംസർവ്വതോഭദ്രം വട്ടപ്പട്ടംപെടുത്തതാം
കട്ടില്ലദീർഘ്യവിസ്താരം മട്ടയ്യോകാണുകർജ്ജുന! 55

ഒത്തുനാമിനിവേഗംതാഴത്തു ചെന്നിട്ടിതൊക്കയും
ഓർത്തുംരസിച്ചുംകൺകൊണ്ടുപാർത്തുംലാത്തുകതോഴരേ”

അതുകേട്ടരഥംനിർത്തി യതു കണ്ടിട്ടിറങ്ങിനാൻ
കുതുകംപൂണ്ടുരണ്ടാളും ചതുഷ്പഥസുവീഥിയിൽ. 57

പോന്നല്ലോഭൂമി; കല്ലെല്ലാം നന്നല്ലോ രത്നമച്യുത!
ഇന്നല്ലോജന്മസാഫല്യമെന്നല്ലാ രണ്ടു കണ്ണിനും. 58

നിയ്യാപ്പുല്ലുംചെടികളുമയ്യാകണ്ടോ ധനഞ്ജയ!
തിയ്യാളുമ്പടി; തൊട്ടെന്നാൽ മെയ്യാക്കും കുളിരാർന്നിടും.

തെന്നൽത്തട്ടുമ്പൊളയ്യയ്യാ മിന്നൽമിന്നുന്ന മാതിരി
എന്നക്ഷിമഞ്ഞളിയ്ക്കുന്നു കന്നൽക്കാർവർണ്ണ!വിസ്മയം.

കണ്ടോകേട്ടോ ഭവാനോക്കുന്നുണ്ടോയിജ്ജാതിപട്ടണം
വണ്ടോട്ടംവർണ്ണ!യില്ലാത്ത തുണ്ടോകാണാൻ തരംഭുവി.

സ്ഫടികക്കൽത്തളം ചെയ്ത പ്പടിപാതകൾ; കാനകൾ
വെടിപ്പിലിന്ദ്രനീലം കൊണ്ടടിതൊട്ടു പടുത്തവ.

ചേലായൊഴുകിടും നീരോപാലാണോ! പത്മലോചന!
പാലാഴിവെള്ളമിവിടെക്കാലാകാലം വരുംസഖേ!

അമ്പോപവിഴമാംചില്ലകൊമ്പോ ചെമ്പൊന്നശേഷവും
ചെമ്പോമൽത്തളിര;യ്യ!യ്യ! വമ്പോലും തടിതങ്കമാം.

കന്നുരണ്ടല്ലഗോവിന്ദ!യിന്നു കാണുന്നതൊക്കയും
പൊന്നുവൃക്ഷങ്ങൾ; കല്പദ്രു വെന്നു ചൊല്ലുമിവററയെ-

മോടി കാളിത്തിളപ്പൊര“ഞൊടി”യിങ്ങീ മരങ്ങളാം
തേടിടുന്നവ[illegible]ച്ചു കൂടിയാലിവ നൽകിടും. 66

കടമ്പോലകിടിപ്പുയ്യമ്പട! വയ്യംനടക്കവാൻ
ഉടലുംതലയുംകൊമ്പും കിടയററ വിസ്മയം. 67

പാലിതിന്നധികംകാണും വാലിറക്കംപ്രമാണമാം
കാലിന്നിടയ്ക്കിതാ നോക്കൂ ചേലിൽപയ്ക്കുട്ടിയുംരസം. 68

കാമധേനുജനങ്ങൾക്കു കാമമൊക്കെച്ചുരത്തുപോൽ
ഈമട്ടിരിക്കുമിവരിങ്ങീ മന്നിൽതാൻ സദാസഖെ! 69

ക്ഷേമമിദ്ദിക്കിലെല്ലാർക്കും; ക്ഷാമമില്ലാർക്കുമൊന്നിനും;
നാമപാരായണംജോലി; കാമക്രോധാദിയല്ലെടൊ. 70

തള്ളരുംക്ഷുല്ലിപാസാദിയി ളകുംമന്ദമാരുതൻ
കുളൂയും;പാർത്ഥ!ഹേ!നിങ്ങൾക്കുള്ള ക്ലമമകന്നിതോ? 71

അഞ്ചിന്ദ്രിയങ്ങളുംമോദം തഞ്ചിത്തുള്ളുന്നുവെങ്കിലും
എഞ്ചിത്തം വിപ്രപുത്രാർത്ഥം കിഞ്ചിൽ ചഞ്ചലമച്യുത!

താനിന്നുവാനിലെ സൌഖ്യം ധ്യാനിക്കുന്നോമറന്നുവോ
വാനിലുംഭ്രമമില്ലിബ്ഭൂ ജാനിസ്ഥിതിയിലുംപ്രഭോ!

വരിയായ്രണ്ടുഭാഗത്തു മെരിഞ്ഞാളുന്നമേടകൾ
ശരിക്കുകാണുകീമാർഗ്ഗം ഹരി!രാമ!മനോഹരം. 74

ഉയരംഭംഗിവിസ്താരം ജയ ശില്പ സമുജ്വലം
നയനാഹ്ലാദകംരത്ന മയംമേടകളിങ്ങന!

മാണിക്യംതറ;വൈഡൂര്യ മാണിതാ ഭിത്തിയൊക്കയും,
കോണിയുംക്രാസിയും രത്നശ്രേണിതൻവിസ്മയംസഖെ

ഓടിക്കേറാം കിടാങ്ങൾക്കും കൂടിക്കോണികളിൽസുഖം
മോടിയുംകിഴമേലൊത്ത ധാടിയും കാണുകിങ്ങന! 77

സ്ഫടികംനവരത്നങ്ങളടിതൊട്ടു പതിച്ചവ
പടിസ്തംഭങ്ങൾബാലാർക്കപ്പടി രശ്മിവിതപ്പവ. 78

ഇവർസാരൂപ്യമാർന്നുള്ളോർ ഭുവനേശ്വരസന്നിഭർ;
ശ്രീവത്സമില്ലിവർക്കാക്ഷേവംവ്യത്യാസമർജ്ജുന! 79

കലാവിദ്യകൾകണ്ടാലും വിലാസിനികളായ്സുഖം
നിലാവുമിററത്താടുന്നു തുലാരഹിതമോടിയിൽ. 80

നാലല്ലോവേദമവയും; കോലമാർന്നാറു ശാസ്ത്രവും;
കോലകങ്ങളിൽവാഴുന്നു ബാലസൂര്യാഭയാർന്നിതാ. 81

ചൊല്ലാമുപനിഷത്തുക്കൾ നല്ലാർമോടിയിൽമേടയിൽ
ഉല്ലാസിപ്പൂനല്ലരസമെല്ലാംകണ്ടീടുകർജ്ജുന! 82

വന്ദിച്ചാലിവർനൈപുണ്യം തന്നിടുംസകലത്തിലും
വന്നിരക്കുകവിദ്യക്കീ മന്നിലിങ്ങിനെചട്ടമാം. 83

വരിയായ്ചിറകാട്ടിസ്സുന്ദരിമാർ മംഗളാംഗികൾ
ചരിക്കുന്നുന്നു കൺകുളുത്തു തരിക്കുംകാണവോക്കഹോ·
ഗരുഡന്റെവകക്കാരീയരുണാധരിമാർസഖെ!
കരുണാംബുധിദേവന്റെ തിരുവുള്ളമെഴുന്നവർ. 85

ഹാഹന്ത! വിഷ്ണുദേവന്റെ ദേഹഭൂഷകളാന്നവർ
മോഹമററവരേറുന്ന വാഹനങ്ങളിവററയാം. 86

ഇവരിൽതലവൻ ലക്ഷ്മീ ധവനേറുന്ന വാഹനം
ഭുവനംസഷ്ഭപ്രായമവൻകൊത്തിയെടുത്തിടും. 87

കനകംചഞ്ചുനേത്രങ്ങൾ കനലിന്ദുപ്രഭംഗളം.
വിനതാത്മജനാവാതായന സീമനിഃനാക്കുക. 8

ചേണിയന്നുള്ളശില്പങ്ങൾ കാണിക്കുംദിവ്യഗോപുരം
മാണിക്കരത്നരചിതമാണിതാ കാണുകർജ്ജുന! 89

സനകാദികൾതൊട്ടേറെ മനശ്ശുദ്ധിയെഴുന്നവർ
നിനക്കുംപുണ്യസങ്കേതമനഘാമണിഗോപുരം. 90

ദൂരാൽവലഭിമേൽകാണുന്നോരാവർണ്ണങ്ങളൊക്കയും
ആരാൽവായിച്ചുതാൻകൃഷ്ണ! പേരാം "നാരായണാല (യം"
ഇക്കാണും പള്ളിമാടത്തിൽ ചില്ലാമ്പാംതമ്പുരാൻഹരി.
തൃക്കാൽതഴുകിടും ശ്രീയൊത്തെക്കാലത്തുമെഴും സഖെ!

കടക്കാം;മുള്ളിലും ചുററി നടക്കാം;സുഖമർജ്ജുന!;
കൊടുക്കാംവിപ്രസന്താനം;കെടുക്കാംസങ്കടംസഖെ!;

ദ്വാരത്തിൽശംഖചക്രാദി വീരവേഷത്തിൽനില്പവർ
ധീരർനമ്മെപ്പാർത്തുപാർത്ഥ! ദൂരമ്മാറുന്നുകണ്ടുവോ?

കണ്ടിട്ടില്ലാത്തപുഷ്പങ്ങൾ വണ്ടിനങ്ങൾനിറഞ്ഞവ
രണ്ടിടങ്ങളിലുംപാർത്ഥ! കണ്ടിതോപുഷ്പവാടികൾ. 95

കൂടില്ല;മലർവാടില്ല; മോടിപോകില്ലൊരിക്കലും;
ആടിയാടിക്കളിച്ചീടും കൂടിക്കൂടിവരും മണം. 96

വളർന്നഗന്ധവുംഭേസി ത്തളർന്നെത്തിസ്സമന്ധരം
കുളുർതെന്നലടിക്കുമ്പോൾ"കുളുർപൊട്ടുന്നു"മാധവ!

അതിഭംഗിമണിസ്തംഭമതിരററിയങ്ങളിൽ
പ്രതിബിംബിച്ചിതാ നൊമ്മളതിലൊക്കധനഞ്ജയ!

മായയിൽപ്രതിബിംബിച്ചതായ ലോകം ചരാചരം
ഞായമിന്നിലയിൽകണ്ടു പോയവൻ പോന്നവൻസഖെ

നടക്കല്ലിതുകണ്ടൊതാൻ പടവെയ്മ്പതിതൊയ്മ്പതും
അടച്ചനവരത്നങ്ങളിട തൂത്തുപതിച്ചവ. 100

മയമുണ്ടുചവിട്ടാനും ലയമില്ലൊരു കാലവും
കയറാൻകാലുവെക്കുമ്പോൾ ഭയമാകുന്നു മാധവ!

പരമരസികർന്നോക്കു നാലുതൃക്കൈകൾ പീതാം-
ബരമുടപുടകണ്ണും കൌസ്തുഭാകല്പകമ്രം
വരദരിവർമഹാന്മാർ പാഷദന്മാർ നിനച്ചാൽ
പരപുരുഷസമന്മാർ വന്ദ്യരാരണതവക്കും. 102
“ജയവിജയരി” വഃക്കചെന്നുണത്താവുമായാ-
മയനുടെ തിരുമുമ്പിൽ; “കേണ്ടുപോകേണ്ടകാര്യം”
നിയമമിവിടെയേവം കോണിവാതുക്കലെത്താം
നയനിലയിലുണത്താം വന്നവൃത്തം സമസ്തം.

## അഞ്ചാംസൎഗം.

രത്നസന്തതി തന്നിച്ചേൎത്തു സാ-
പത്നലേശമിയലാത്ത മാതിരി
യത്നക്ലുപ്തനവ ശില്പമണ്ഡിതം
പ്രത്നമത്ര വിലസുന്നു മന്ദിരം. 1

ജാലമാൎഗ്ഗമതി ഭംഗിയുള്ള പൂ-
മാലചാൎത്തി മണിദീപശോഭിതം
ബാലശീതമയമന്ദവാത സ-
ല്ലീലപൂൎണ്ണമല മച്യുതാലയം. 2

നല്ല നല്ലമണിഭിത്തി; സൌഷ്ഠവം
ചൊല്ലവല്ല; തടിദാഭ മാല്പരം
ഇല്ലതെല്ല മിരുളങ്ങുപാൎശ്വവോ-
ക്കല്ലിലില്ല; സുഖമേതുനേരവും; 3

ഭിത്തിയിൽപ്രതിഫലിച്ചുമങ്ങക-
ത്തൊരത്തിരിപ്പവ സമസ്തദിക്കിലും
വൃത്തിയുള്ള മണിമച്ചിലാദ്യമാ-
യെത്തിടുന്നവർ പകച്ചുനിന്നുപോം. 4

തങ്കരത്നരചിതപ്രശോഭിപ-
ല്യങ്കസീമ്നി ശുഭശേഷമെത്തയിൽ
പങ്കജാക്ഷനമലൻ സദാപി പൂ
മങ്കയൊത്തുവിലസുന്നു വിസ്മയം. 5

നിൎമ്മമൻ നിഗമവേദ്യനാദ്യനാ-
ധൎമ്മമൂൎത്തി ധരണീരമാധവൻ

കർമ്മകന്മഷമൊഴിക്കുമീശ്വരൻ
ശർമ്മദൻവിള്ള വിളങ്ങി ഭംഗിയിൽ. 6

അന്തണന്റെ യഴകുള്ളമക്കളും
ചന്തമുള്ളരമയും ധരിത്രിയും
എന്തദൃഷ്ട മരികത്തെഴും പരൻ
ഹന്ത !നല്ലൊരു കുഡുംബികേവലം. 7

അത്തളത്തിലടികൂടിയെപ്പൊഴും
മത്തടിച്ചു കളിയാട്ട മുണ്ണികൾ
പത്തുപേരെയു മെടുത്തുകൊഞ്ചിടും
മത്തകാശിനി വിളങ്ങിഭാർഗ്ഗവി. 8

പെറ്റുവീണ ശിശുതൊട്ടു പത്തുപേർ
ചുറ്റുമിങ്ങിനെ കുലമ്പൽകൂട്ടിയാൽ
ചുറ്റുമാരു;മവരും കുഴക്കിലാറ്
ചെറ്റുമില്ല തൊയിരം ദിവാനിശം. 9

മെത്തയിൽ കൊടിമറിച്ചിടാത്തതാ-
രൊത്ത വിപ്രസുതനെ ക്കിടത്തിടും;
തത്തദംഗമഴകിൽ തലോടിടും;
ചിത്തകൌതുകമെടുത്തു കൊഞ്ചിടും. 10

വൃത്തിയുള്ളമുലനൾകിടും; മുഖം
മുത്തിടും; കവിൾപിടിച്ചിളക്കിടും;
നൃത്തിടും; പ്രിയതമന്റെസൃഷ്ട മാ-
റത്തിരുത്തിടു; മെടുത്തുലാത്തിടും. 11

ഇത്രയൊക്കെ മലർമങ്കകൊഞ്ചുമാ-
പ്പുത്രരെത്ര സുകൃതമ്പുലന്നവർ
ചിത്രഭിത്തി തഴുകിപ്പിടിച്ചിതാ-
പുത്രനന്യനണയുന്നു കൌതുകം. 12

തീപ്പിടിക്കു; മെരിക്കൊള്ളി കിട്ടിയാൽ
പീപ്പിയാക്കു; മടിതെററിവീണിടും
ആപ്പിടും; കിണററിലെത്തി നോക്കിടും
കോപ്പിതാണവർ കുഴക്കി ലക്ഷ്മിയെ. 13

മൂട്ടകത്തിയുടനോടിയെത്തിടും
മട്ടുകണ്ടു മലർമങ്ക നില്ക്കവെ
തട്ടുകൂടിയകിടാങ്ങൾ വന്നു നി-
ന്നിട്ടുകൂട്ടർ ചിലതക്കമോതിനാർ. 14

"ചോട്ടടച്ചിതനുജൻ; തകർത്തു നാ-
ക്കോട്ടമെൻകിളിയെയംബ! ചേട്ടനും;"
കേട്ടുകേട്ട മതിനിങ്ങൾനിന്നു താ-
യാട്ടുകാട്ടരുതു തല്ലുകൊണ്ടിടും. 15

വേദസാരമരുളുന്ന ചിൽപരാ-
മോദദായിനി വരാംഗി ഭാർഗ്ഗവി
വാദമാർന്നു കലികൊണ്ടതൃക്കമാ
സ്സോദരക്കിടയിലോടിയെത്തിടും. 16

ചോറിലാണ്ടു തകിടംമറിഞ്ഞു വ-
ന്നേറിമാധവനെഴുന്ന മെത്തയിൽ
"മോറിലുള്ളമറു"മാന്തുമണ്ണിയെ
ക്കൂറിയന്നു തഴുകീ ധരാധവൻ. 17

മോടികൂടുമിറയത്തുചെന്നു കൂ-
ത്താടിയോടുമൊരുകൊച്ചുകുട്ടനാ
പേടിപൂണ്ടു വിഴുമെന്നൊരാധിയാ-
ലോടിയെത്തി മലർമങ്കയേന്തിനാൾ. 18

“കാന്തിയുള്ളമണി യെന്തിനാഥനി-
ന്നേന്തി? വേണമതെനിക്കു കെട്ടുവാൻ.”
ഏന്തിയേന്തിയരുളുന്ന കുട്ടനാൽ
ഭ്രാന്തിയാററി മണിനൽകിമാധവൻ 19

കേറിനിന്നു ഫണിരാജമൂർദ്ധ്നിചോ-
പ്പേറിടുംമണി പറിച്ചെടുക്കുവാൻ
ഏറിയോരു പണിചെയ്തു; ശുണ്ഠിയൊ-
ന്നേറിയുണ്ണി കരയാൻതുടങ്ങിനാൻ. 20

“കുട്ട! കുട്ട! കരയേണ്ട വേണ്ട ച
പ്പിട്ട്”യെന്നവനെ യേന്തിമാധവൻ
വട്ടമൊത്ത ചെറുപമ്പരം കൊടു-
ത്തൊട്ടകററിയഴലോടിയർഭകൻ. 21

പിച്ചപിച്ചയടിവെച്ചു ലാത്തിടും
കൊച്ചനുള്ള കൊതികണ്ടു ഭാർഗ്ഗവി
മച്ചകത്തു ചെറുകൈ പിടിച്ചുലാ-
ത്തിച്ചതോർത്തഥ ചിരിച്ചുമാധവൻ. 22

ഭിത്തിയിൽ പ്രതിഫലിച്ച മൂർത്തിക-
ണ്ടെത്തിനിന്നു കളിയാടുമുണ്ണികൾ
ഒത്തിണങ്ങിയ കലമ്പൽ കൂട്ടലിൽ
ച്ചിത്തിനും ചിരി വരുത്തിയത്ഭുതം. 23

“അച്ഛനുണ്ടടിയൊളിച്ചൊളിച്ചു ഞാൻ
വെച്ചപമ്പരമെടുത്തു നൾകിയൊ?”
കൊച്ചനിങ്ങിനെ യുരച്ചടിച്ചതോ-
ത്തച്ചരാചര പുമാൻ ചിരിച്ചുപോയ്. 24

രണ്ടുകുട്ടികൾ സമാപി നാൽമറ-
ക്കണ്ടുപുക്കതിലെഴുന്നതൊക്കയും
കണ്ടുകണ്ടുവെളിവാണ്ടുകൊണ്ടുചൊ-
ല്ലൊണ്ടുകണ്ടുമൂഢമാണ്ടുകേശവൻ. 25

വന്നുനിന്നജയനോടും “വന്നിടാ-
മെന്നുരസ്സുവരൊടെന്നു”മാധവൻ
കന്നുകൺമുനയിളക്കി, പാഷദൻ
പോന്നു, മററവരണഞ്ഞു ഭംഗിയിൽ. 26

“കണ്ടുകണ്ടു; ധരണീസുരൻജയം
കൊണ്ടു; മക്കളിവരെ;”ന്നു ഫൽഗ്ഗുനൻ
രണ്ടുമൂന്നുരു ജപിച്ചു; മാനസം
കൊണ്ടുചേർത്തു തഴുകീകിടാങ്ങളെ. 27

അന്തകൻെറ മൊഴിയോർത്തു; സത്യമാ
യന്തണേന്ദ്രനൊടുവിൽ പറഞ്ഞതും;
ഹന്തയോഗ്യരുളുന്ന വാക്കിലാ-
ണന്തമററ ഫലസിദ്ധിയെപ്പൊഴും” 28

ചാടിവീണ മനുജർക്കെഴുന്നൊരാ-
മോടികണ്ടു ഭയമാണ്ടു കുട്ടികൾ
കൂടിയോർത്തു “കരിമന്തരെ” ന്നുറ
ച്ചോടിനാർ മറവിൽനിന്നു നോക്കിനാർ. 29

"രണ്ടുകൈകളും, മണിയില്ല, ചുററിടം
മുണ്ടുവെള്ള, ബഹുമോശമീശ്വരം!
കണ്ടുവെങ്കിൽ വികൃതങ്ങളെന്തിനാ-
യ്ക്കൊണ്ടുവന്നിതിവരെ" ന്നുചൊല്ലിനാർ. 30

നാലു ഭിത്തികളിലും പരാല്പരൻ
മേലുകീഴമിതുകണ്ടു ഫാൽഗുനൻ
കോലു മുററുഭ്രമമിയന്നു നിന്നു;വെ-
ന്നാലുമുള്ളതവനോർത്തു കൂപ്പിനാൻ. 31

"കണ്ടിടുന്നു സകലത്തിലും ഭവാ-
നുണ്ടിതെന്റെ മിഴികൊണ്ടു നിത്യവും
കണ്ടിടേണമതിനിങ്ങു വന്നുചൊ-
ല്ക്കൊണ്ടിടുന്ന തിരുമൈതൊഴുന്നുഞാൻ." 32

"ഓം പദപ്പൊരുളും പരന്ന മാമറ-
ക്കാമ്പനന്തഗുണശാലി ശാശ്വതൻ
സാമ്പരായമൊഴിവാക്കണം ഭവാൻ
ഞാൻ പദാശ്രിതനലഞ്ഞ ദ,ന്ദജൻ." 33

"വന്നിടാമിവിടെയെന്തിനീവിധം
നിന്നിടുന്നതരികത്തിരിക്കുവിൻ"
എന്നിളക്കമജിതന്റെ കണ്ണകം
തന്നിലാണ്ടു കുളിരാണ്ടുമേവിനാർ. 34

ഒന്നു താണുതൊഴുതൊട്ടടുക്കലായ്
ചെന്നുനിന്നവരിലുൾക്കുളുത്തവൻ

പൊന്നുമെത്തയിലെഴുന്നിരുന്നുകൊ-
ണ്ടന്നുരച്ചു മൃദുഹാസമച്യുതൻ. 35

"വാസുദേവസഖ! പാർത്ഥ! കൃഷ്ണ! ഭദ്രേ!
വാസുഭദ്ര! വഴിയാത്ര സൗഖ്യമോ?
ഭൂസുരൻറെ ദശമൻ കുമാര നീ
ഭാസുരൻ മടിയിലുള്ള ബാലകൻ. 36

"രണ്ടുപേരെയുമടുത്തു കണ്ടിനി-
ക്കുണ്ടു തെല്ലു ചില കാര്യമോതുവാൻ
കൊണ്ടുപോന്നിതതിലേക്കു കൗശലം
കണ്ട വിപ്രസുതർ പത്തുപേരെയും. 37

"ഭാരമേററപടി തേടി നിങ്ങൾ ഭൂ-
ഭാരമാററി,യിനിയിങ്ങുപോരണം;
സാരമില്ല കളിവേണ്ട വേണ്ട സം-
സാരമല്ലലതു വിട്ടൊഴിക്കുവിൻ. 38

"മന്നിനിന്നു വലുതായ ഭാരമാ-
ക്കുന്നിരിപ്പു യദുവംശ;മായതും
"ഒന്നിടേണ്ടു;" കഥ തീർത്തിടായ്കിൽ ഞാൻ
ചെന്നിടേണ്ടിവരുമെത്ര ദുർഘടം. 39

"തള്ളിടാം തനയനെഗ്ഗമിച്ചിടാം
നിന്നിടേണ്ട ധൃതിയുണ്ടിനിക്കിനി"
എന്നിവണ്ണമരുളുന്ന മാധവൻ
മുന്നിൽനിന്നിവർ നടന്നു മന്ദമേ. 40

മായയോടരുളി "നീ കിടാങ്ങൾത-
ന്നായയല്ലിയുടനിക്ഷമാരരെ
പോയകൂട്ടരൊരുമിച്ചു നാട്ടിലേ-
ക്കായയയ്ക്കുക; മനം മറിയ്ക്കുക," 41

പള്ളിമാടമതിൽനിന്നിറങ്ങുമാ-
പ്പുള്ളികൾക്ക പിറകേ കിടാങ്ങളും
തുള്ളിയോടിയഥ മായയൊത്തു ചെ-
ന്നുള്ളിണങ്ങിയരികത്തുകൂടിനാർ 42

"മന്തരെ"ന്നു കരുതിഗ്ഗമിച്ചൊരീ-
യന്തണനെൻറ ചെറുമക്കളൊക്കെയും
എന്തതിക്രമമിവർക്കു കീഴിലായ്
ഹന്ത! ഹന്ത! മറിമായമീശ്വര! 43

ചിന്മയൻ ജനകനാണു; ലക്ഷ്മിയാ-
ണമ്മയിങ്ങനെയെഴുന്ന കുട്ടികൾ
സമ്മതപ്പടി തിരിച്ചു; മായയെ
സമ്മതിക്കുന്നു;മിതെന്തൊരത്ഭുതം ! 44

സാരസാക്ഷനു കളിക്കിടാങ്ങളാ-
മാരണാത്മജനെയും മയക്കുവാൻ
ധീരയാകുമവളെത്തിരക്കിയി-
ന്നാരറിഞ്ഞു പെരുമാറിടുന്നവർ. 45

"ഞങ്ങൾ പോരുമൊരുമിച്ചുതേരിലീ
നിങ്ങൾ ഞങ്ങളെയെടുത്തുകേററണം

തിങ്ങലാശ്ശരികയില്ല ഞങ്ങൾ കൊ-
ച്ചുങ്ങളല്ലി? സുഖമായിരുന്നിടാം. 46
“അച്ഛനമ്മയിവരൊത്തിരിക്കവാ-
നിച്ഛയെന്നു” കരയും കിടാങ്ങളെ
അഛരവിദ്രുമ മണിപ്രക്ലുപ്തരാം
സ്വഛരത്ന രഥമേറിയർജ്ജുനൻ. 47
ഒൻപതാമനെയെടുത്തു മാധവൻ;
വൻപനർജ്ജുനനെടുത്തു കൊച്ചിനെ
ഇമ്പമോടുമവരേറിയാരഥം
വെമ്പലോടുമഥ വിട്ടു ദാരുകൻ. 48
“സന്തപിക്കരുതു ജാതകത്തിലി-
സ്സന്തതിക്കനുഭവം ഗ്രഹങ്ങളാൽ
ഹന്ത! ഹന്ത! വെളിവായിരിപ്പു നാ-
മന്തരംഗമിളകാതിരിക്കണം” 49
“വാമഭാഗമിളകുന്നു കാക്കി;താ-
ക്ഷേമമെന്നു പറയുന്നു പല്ലികൾ
നാമഗാനരതരായ നൊമ്മളിൽ
കാമവൃത്തിയരുളും ചിദാത്മകൻ.” 50
“കൃഷ്ണനുള്ളകരൾ; ധർമ്മജാനുജൻ;
കൃഷ്ണനുണ്ണിയെ നമുക്കുതന്നിടും
കൃഷ്ണ! കൃഷ്ണ! വിജയൻ മരിക്കയോ?
കൃഷ്ണവേണി! കളകാശു സംശയം.” 51
“കേട്ടിടുന്നു ചെകിടോർക്കു ദാരുകൻ
പൂട്ടിവിട്ട രഥഘോഷമയ്യുടാ

വാട്ടിടേണ്ട ഹൃദയം വരൂ! വരൂ!
പാട്ടിലായഖിലമൊന്നുനോക്കുക." 52

ആത്തമോദമിറയത്തു ചെന്നു കു-
ഞ്ഞാത്തലും ദ്വിജനമൊത്തുനോക്കവേ
ധൂത്തടിപ്പൊരു കിടാങ്ങളൊത്തതേ-
രോത്തണച്ചിതരികത്തു ദാരകൻ. 53

"ഹേ സുമാംഗി! വിജയൻ, രസം രസം,
ഭാസുരാകൃതികൾ മക്കൾ, നോക്കുക
വാസുദേവനയി, കാണ്ക ഭാഗ്യമേ"
ഭൂസുരൻ മൊഴി നിറുത്തിയോടിനാൻ. 54

"കേട്ടനെന്റെ ദശമൻ രസം ശ്രുതി-
പ്പെട്ട കണ്മണി മകൻ തരൂ! തരൂ!
തിട്ടമജ്ഞനനെടുത്തു നാൽമറ-
ക്കട്ടകാട്ടിയ കരത്തിലേകിനാൻ. 55

ആട്ടിയൊന്നു തഴുകി,ക്കൊടുത്തു പൊ-
ണ്ടാട്ടി കാട്ടിയ കരത്തിലുണ്ണിയെ,
"പോട്ടിൽവെച്ചു മുല നൾകുകെന്നു"കൈ
കാട്ടി നിന്നരുളിയന്തണോത്തമൻ. 56

"കെയ്മ്പതാമനിവനെത്തരാം മുഴ-
ക്കമ്പമൊന്നുമരുതെന്നു" മാധവൻ
ഇമ്പമോടരുളിയേകി, വാങ്ങിയൊ-
ന്നമ്പരന്നവിടെനിന്നു ഭൂസുരൻ. 57

കണ്ണിൽ നീർ നിറയുമന്തണേന്ദ്രനാ-
മണ്ണിലൊട്ടമിളകാതെ നില്ക്കവേ

എണ്ണിയെണ്ണി വിജയൻ രഥത്തിൽനി-
"ന്നെണ്ണിയെണ്ണി"യിദമോതിനല്കിനാൻ 58

എട്ടുപത്തുസുതർ ചത്തുപോയതി
മട്ടു കിട്ടിയതിൽവെച്ചു ഭൂസുരൻ
ഒട്ടുനേരമവരൊത്തു തന്റെയിടം
വിട്ടുനിന്നു പല ഗോഷ്ടികാട്ടിനാൻ. 59

"ഓടിയോടിവരുവിൻ, നമിക്കുവിൻ
പേടിവേണ്ട, തുണയച്ഛനും വരാം,
തേടിയാൽ പിടിപെടാത്ത കൃഷ്ണരും
ചൂടിറക്കിയരുളും സുമംഗളം. 60

"ദുരന്ത സങ്കടാംഭോധിക്കരകാണിച്ച കൂട്ടരേ!
നരനാരായണന്മാരേ! നരകാന്തകരേ! തൊഴാം. 61

വലതും ചപലത്തങ്ങൾ പുലമ്പിയൊരു പാപിഞാൻ
വലയ്ക്കല്ലേ ജഗത്തിന്റെ നിലനില്ലേ! തുണയ്ക്കണേ." 62

ഏവം മക്കളൊടൊത്ത ഭൂസുരവരൻ
മന്ത്രംജപിച്ചെത്രയും
ഭാവംകണ്ടു മനസ്സിരുത്തി വിധിവൽ
സാഷ്ടാംഗമായ്സാദരം
ദേവന്മാരെ നമിച്ചു; നന്ദി വളരെ
ക്കാണിച്ചു, നില്ക്കുമ്പൊഴാ-
ശ്രീവത്സാങ്കനിറങ്ങിവന്നുതഴുകി-
സ്സംതൃപ്തനാക്കീടിനാൻ. 63

“എന്നാൽ ഞങ്ങളിറങ്ങിടുന്നു, വരണം
സൌകൎയ്യമുള്ളപ്പൊള-
ങ്ങെ,”ന്നായ് കൃഷ്ണനരച്ചുകേറിയരുളും
തേരാട്ടിനാൻ ദാരുകൻ,
അന്നാമോദമിയന്നു വിപ്രവരനും
ദാരങ്ങളും മക്കളും
നന്നായൊത്തൊരുമിച്ചു വാണു വളരെ
ക്കാലം സുഖം മംഗളം. 64

സമാപ്തം

C 40 M

MUL
050812

17 NOV 194